PRICE ₹ 50/-

കേരളനിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

VOL 6 I ISSUE 5 I BIMONTHLY I OCTOBER 2026 I 44 PAGES



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"
ഗാന്ധിജി

കേരളനിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 6 ലക്കം 5 ഒക്ടോബർ 2026


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
നിയമസഭാ സ്പീക്കർ

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷാജി സി. ബേബി**
സെക്രട്ടറി - ഇൻ - ചാർജ്

അംഗങ്ങൾ

**കെ. മോഹനകുമാർ**
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

**ദിനേഷ്കുമാർ കെ**
സ്പീക്കറുടെ അസിസ്റ്റന്റ്
പ്രൈവറ്റ് സെക്രട്ടറി

**എം. എസ് വിജയൻ**
അഡീഷണൽ സെക്രട്ടറി

**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാവ്
**നിസാം എസ്**
സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി

പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**

അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**


**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353

## മൊഴിമുഴക്കം

"ഇതിന്റെ തണലിൽ
താൻ ഒരിക്കലും ഇരിക്കുകയില്ലെന്ന്
അറിഞ്ഞുകൊണ്ട് വൃക്ഷത്തെ
നടുന്ന ഒരുവൻ ജീവിതത്തിന്റെ
അർഥം മനസ്സിലാക്കിത്തുടങ്ങി
യിരിക്കുന്നു.

**- രബീന്ദ്രനാഥ് ടാഗോർ**



ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തമാണ്.

## ഉൾത്താളുകളിലൂടെ ......


സഭാധ്യക്ഷന്റെ പേജ് 04

സഭാനേതാവിന്റെ പേജ് 06

പ്രതിപക്ഷ നേതാവിന്റെ പേജ് 09

സ്പീക്കറുടെ പൊതുപരിപാടികൾ 11

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ 12

സമുച്ചയത്തിലെ പരിപാടികൾ 15

ചിത്രജാലകം 22

ഇതരസഭാ സമിതികളുടെ സന്ദർശനം 26

പാർലമെന്റ് സമ്മേളനം 27

സുപ്രധാന കോടതി വിധികൾ 29

സഭാ സമ്മേളന വാർത്ത 31

വിജ്ഞാനപഥം 31

സഭാ നായകരുടെ ജീവിതരേഖയിലൂടെ 32

നിയമസഭാ പ്രസംഗങ്ങളിലൂടെ 34

വേർപാട് 36

സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ 37

മുൻ സാമാജികർ മനസ്സുതുറക്കുന്നു 39

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ 42



# നിയമനിർമ്മാണരംഗത്ത് നൂതന ആശയവുമായി കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസ്



**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
സ്പീക്കർ

69-ാമത് കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ സാധിച്ചതിൽ അതിയായ അഭിമാനമുണ്ട്. ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിൽ 2026 സെപ്തംബർ 13 മുതൽ 18 വരെ നടന്ന സമ്മേളനത്തിൽ കോമൺവെൽത്തിൽ അംഗമായ 55 രാജ്യങ്ങളുടെ പാർലമെന്റ് അധ്യക്ഷന്മാരും പ്രതിനിധികളും അടക്കം എണ്ണൂറോളം പേർ പങ്കെടുത്തു. വിവിധ രാജ്യങ്ങളിലെ നിയമ നിർമ്മാണ സഭകളിലെ അധ്യക്ഷന്മാരുമായി നിയമനിർമ്മാണ രംഗത്തെ നൂതന പ്രവണതകളെക്കുറിച്ചും പാർലമെന്ററി പ്രവർത്തനങ്ങളെക്കുറിച്ചും സംവദിക്കാനും ആശയങ്ങൾ കൈമാറുവാനും ഈ കോൺഫറൻസിലൂടെ അവസരം ലഭിച്ചു. കോൺഫറൻസിന്റെ ഭാഗമായി "Protecting Human Rights and Promoting Peace : The role of Parliaments" എന്ന വിഷയത്തിലും Accessible Parliaments: inclusion for people with Disabilities" എന്ന വിഷയത്തിലും നടന്ന ശില്പശാലകളിൽ പങ്കെടുത്ത് സംസാരിക്കുവാൻ അവസരം ലഭിച്ചു. മനുഷ്യാവകാശ സംരക്ഷണ രംഗത്തും ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും കേരളനിയമസഭ മുൻകൈയെടുത്ത് നടപ്പിലാക്കിയ കാര്യങ്ങളെക്കുറിച്ചും നവീന സംരഭങ്ങളെക്കുറിച്ചും ശില്പശാലയിൽ അവതരിപ്പിക്കുവാൻ കഴിഞ്ഞു. സെപ്തംബർ 17-ാം തീയതി സമ്മേളനത്തിന്റെ ഭാഗമായ ജനറൽ അസംബ്ലിയിലും പങ്കെടുക്കുവാൻ അവസരം ഉണ്ടായി. "New leadership opportunities for the Commonwealth : Parliamentary Action to strengthen Democracy & International Law" എന്ന വിഷയത്തിത്തെ കേന്ദ്രീകരിച്ചാണ് ജനറൽ അസംബ്ലിയിൽ ചർച്ച നടന്നത്. മാറുന്ന ലോകത്തെ പ്രവണതകൾക്കനുസൃതമായി പാർലമെന്ററി ജനാധിപത്യത്തെ



ശക്തിപ്പെടുത്തുന്നതിൽ കോമൺവെൽത്ത് രാജ്യങ്ങൾ നേതൃത്വപരമായ പങ്കുവഹിക്കുന്നതിലൂന്നിയായിരുന്നു ചർച്ച.

ജനാധിപത്യക്രമത്തിൽ വിവിധ നിയമനിർമ്മാണ സഭകൾ തമ്മിലുള്ള ആശയവിനിമയം വളരെയധികം പ്രാധാന്യം അർഹിക്കുന്നു. കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷന്റെ പ്രവർത്തനങ്ങളിലൂടെ ഇത്തരം ആശയവിനിമയങ്ങൾക്ക് വേഗത കൈവരുമെന്ന് പ്രതീക്ഷിക്കാം.

പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനം 2026 ഒക്ടോബർ 12ന് ആരംഭിക്കുകയാണ്. നിയമനിർമ്മാണ കാര്യത്തിനായാണ് ഈ സമ്മേളനം വിളിച്ചു ചേർത്തിരിക്കുന്നത്. പുതിയ അംഗങ്ങളെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ സുപരിചിതമായിരിക്കുകയില്ല. അത്തരം അംഗങ്ങൾക്ക് സഭയിലെ സജീവ പങ്കാളിത്തത്തിലൂടെയും നിരീക്ഷണ പഠനങ്ങളിലൂടെയും നിയമനിർമ്മാണ പ്രക്രിയയിൽ അവഗാഹം നേടുന്നതിനുള്ള അവസരമാണ് ഇപ്പോൾ വന്നു ചേർന്നിരിക്കുന്നത്.

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലേയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ അഖിലേന്ത്യാ സമ്മേളനത്തിന് ഇതാദ്യമായി കേരളം ആതിഥ്യമരുളുകയാണ്. 2026 നവംബർ 3, 4 തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ നടക്കുന്ന സമ്മേളനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റികളുടെ പ്രവർത്തനം സംബന്ധിച്ച സുപ്രധാന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ഉയർന്നു വരുമെന്നും പൊതുധന വിനിയോഗത്തിൽ ഫലപ്രദമായി കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചുള്ള അഭിപ്രായ രൂപീകരണം സാധ്യമാകുമെന്നും കരുതപ്പെടുന്നു. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി എല്ലാ സാമാജികരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം 5-ാമത് പതിപ്പ് 2027 ജനുവരി 7 മുതൽ 13 വരെ നടത്താൻ നിശ്ചയിച്ചിരിക്കുകയാണ്. സമൂഹത്തിലെ എല്ലാ മേഖലകളിലുള്ളവരുടെയും സജീവമായ പങ്കാളിത്തവും സഹകരണവും പുസ്തകോത്സവത്തിന്റെ വിജയത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു. ഇതിനായുള്ള മുന്നൊരുക്കങ്ങൾ ഏറെ ഉത്സാഹപൂർവ്വം ഏറ്റെടുക്കാൻ നിയമസഭാ ജീവനക്കാർ തയ്യാറായിയെന്നത് സന്തോഷം പകരുന്നു. വായനയുടെ വസന്തം വിരിയിക്കുന്ന പുതിയൊരനുഭവമായി ഈ പുസ്തകോത്സവം മാറട്ടെയെന്ന് ആശംസിക്കുന്നു.





**വി.ഡി. സതീശൻ**
മുഖ്യമന്ത്രി

# മിഷൻ സമുദ്ര: കേരളത്തിന്റെ സമുദ്ര സാമ്പത്തിക പുനർനിർമ്മിതി

കേരളത്തിന്റെ 600 കിലോമീറ്റർ നീളമുള്ള തീരദേശം, രണ്ട് അന്താരാഷ്ട്ര തുറമുഖങ്ങൾ, കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് സൗകര്യങ്ങൾ, 17 ചെറുതും വലുതുമായ തുറമുഖങ്ങൾ, വിശാലമായ ഉൾനാടൻ ജലപാതകൾ, കൊച്ചി കപ്പൽശാല, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്നിവയെ ഒരൊറ്റ സാമ്പത്തിക ശൃംഖലയായി പരസ്പരം ബന്ധിപ്പിക്കുന്ന ബൃഹത്തായ വികസന പദ്ധതിയാണ് മിഷൻ സമുദ്ര. മുൻകാലങ്ങളിൽ തീരദേശ സംരക്ഷണത്തിലും മത്സ്യബന്ധനത്തിലും മാത്രമായി ഒതുങ്ങി നിന്നിരുന്ന സമുദ്രമേഖലയെ, സംസ്ഥാനത്തിന്റെ വളർച്ചയെ നയിക്കുന്ന ബ്ലൂ ഇക്കണോമി സാമ്പത്തിക ശക്തികേന്ദ്രമാക്കി മാറ്റുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

**സമുദ്രമേഖലയിലെ പുതിയ വികസന സാധ്യതകൾ:**

ലോക വ്യാപാരത്തിന്റെ സിംഹഭാഗവും ഇന്ന് സമുദ്രമാർഗമാണ് നടക്കുന്നത്. കപ്പൽ നിർമ്മാണം, കപ്പൽ അറ്റകുറ്റപ്പണി, ഓഫ്ഷോർ എൻജിനീയറിങ്, സമുദ്ര സാങ്കേതികവിദ്യ, ലോജിസ്റ്റിക്സ്, വെയർഹൗസിങ്, ഗ്രീൻ ഇന്ധനങ്ങൾ, സമുദ്ര വിനോദ സഞ്ചാരം, മറൈൻ ബയോടെക്നോളജി, സമുദ്ര ഗവേഷണം തുടങ്ങി ആധുനിക ബ്ലൂ ഇക്കണോമിയുടെ സാധ്യതകൾ അതിവിശാലമായി വികസിച്ചുകൊണ്ടിരിക്കുന്നു. നീളമേറിയ തീരപ്രദേശവും തുറമുഖ സൗകര്യങ്ങളും ഉയർന്ന സാക്ഷരതയുള്ള മനുഷ്യവിഭവശേഷിയും ശക്തമായ സേവ

നമേഖലയും ലോകമെമ്പാടുമുള്ള മലയാളി ശൃംഖലയുമുള്ള കേരളത്തിന് ഈ രംഗത്ത് ആഗോളതലത്തിൽ മുന്നേറാനുള്ള എല്ലാ സ്വാഭാവിക ശേഷിയുമുണ്ട്.

### വിഴിഞ്ഞം: ആഗോള മാരിടൈം ഗേറ്റ്‌വേ

2026 ഓഗസ്റ്റ് 18ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സമ്പൂർണ കയറ്റുമതി-ഇറക്കുമതി (EXIM) പ്രവർത്തനങ്ങൾ ആരംഭിക്കുകയും ആദ്യ രണ്ട് കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുകയും ചെയ്തതോടെ കേരളത്തിന്റെ സാമ്പത്തിക ചരിത്രത്തിൽ ഒരു പുതിയ അധ്യായം തുറക്കപ്പെട്ടു. വിഴിഞ്ഞത്തെ വെറുമൊരു തുറമുഖമായി കാണാതെ, അതിനു ചുറ്റും വികസിക്കുന്ന ലോജിസ്റ്റിക്സ്, വെയർ ഹൗസിങ്, പാക്കേജിങ്, കസ്റ്റംസ്, ഫിനാൻഷ്യൽ സേവനങ്ങൾ, ഗതാഗതം, കപ്പൽ അറ്റകുറ്റപ്പണി എന്നിവ ഉൾപ്പെടുന്ന ഒരു മാരിടൈം ഇക്കണോമിക് ഗേറ്റ്‌വേ ആയിട്ടാണ് മിഷൻ സമുദ്ര വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി വിഴിഞ്ഞത്തിനും കൊല്ലത്തിനും ഇടയിലുള്ള സാമ്പത്തിക ഇടനാഴി, മാനുഫാക്ചറിങ് സോണുകൾ, സ്റ്റഫിങ് സെന്ററുകൾ, ഡ്രൈ പോർട്ടുകൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും വികസിപ്പിക്കും.

### വിഴിഞ്ഞത്തിന്റെ സാങ്കേതിക മേന്മകളും വ്യാവസായിക പാർക്കുകളും

യൂറോപ്പ്, മിഡിൽ ഈസ്റ്റ് ഏഷ്യ എന്നിവയെ ബന്ധിപ്പിക്കുന്ന പ്രധാന കിഴക്ക്-പടിഞ്ഞാറ് അന്താരാഷ്ട്ര കപ്പൽ പാതയിൽ നിന്ന് വെറും 10 നോട്ടിക്കൽ മൈൽ മാത്രം അകലെ സ്ഥിതി ചെയ്യുന്നുവെന്നത് വിഴിഞ്ഞത്തിന് വലിയ മത്സരക്ഷമത നൽകുന്നു. 24 മീറ്റർ സ്വാഭാവിക ആഴമുള്ളതിനാൽ ഡ്രെഡ്ജിങ് ചെലവുകൾ ഇല്ലാതെ തന്നെ ലോകത്തിലെ ഏറ്റവും വലിയ മെഗാമാക്സ് കണ്ടെയ്നർ കപ്പലുകളെ അനായാസം സ്വീകരിക്കാൻ വിഴിഞ്ഞത്തിന് സാധിക്കും. കൂടാതെ, തിരുവനന്തപുരത്ത് 500 ഏക്കറിലധികം ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകൾ, വ്യവസായ ക്ലസ്റ്ററുകൾ, വെയർ ഹൗസുകൾ, മൾട്ടിമോഡൽ പോർട്ട് സൗകര്യങ്ങൾ എന്നിവ വികസിപ്പിച്ച് ബൃഹത്തായ വ്യാവസായിക ആവാസവ്യവസ്ഥ ഉറപ്പാക്കുന്നുണ്ട്.

### ബഹുമുഖ ഗതാഗത ശൃംഖല:

ഒരു തുറമുഖത്തിന്റെ വിജയം അതിലേക്കെത്തുന്ന ചരക്കുകൾ കരമാർഗം എത്ര വേഗത്തിൽ വിതരണം ചെയ്യപ്പെടുന്നു എന്നതിനെക്കൂടി ആശ്രയിച്ചാണ്. വിഴിഞ്ഞം-ബാലരാമപുരം ഇരട്ട റെയിൽ പാതയും വിഴിഞ്ഞം - നാവായിക്കുളം ഔട്ടർ റിങ് റോഡും വഴി റോഡ്, റെയിൽ, കടൽ, ഉൾനാടൻ ജലപാതകൾ എന്നിവയെ സംയോജിപ്പിക്കുന്ന ഏകീകൃത ഗതാഗത ശൃംഖലയാണ് പദ്ധതി മുൻനിർത്തുന്നത്. ഇത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖലകളെ സംസ്ഥാനത്തിന്റെ പ്രധാന സാമ്പത്തിക ഇടനാഴികളാക്കി മാറ്റും.



**കപ്പൽ നിർമ്മാണ രംഗത്തെ മുന്നേറ്റം:**

ഒരു കപ്പൽ നിർമ്മാണശാലയ്ക്ക് ചുറ്റും സ്റ്റീൽ ഫാബ്രിക്കേഷൻ, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, മറൈൻ എൻജിനുകൾ, ഓട്ടോമേഷൻ, പെയിന്റിങ്, എൻജിനീയറിങ് ഡിസൈൻ, സോഫ്റ്റ്‌വെയർ സേവനങ്ങൾ തുടങ്ങി നൂറുകണക്കിന് അനുബന്ധ വ്യവസായങ്ങളാണ് വളർന്നു വരുന്നത്. കേരളത്തെ ഒരു സമഗ്ര സമുദ്ര നിർമ്മാണ ആവാസ വ്യവസ്ഥയാക്കി മാറ്റാൻ ലക്ഷ്യമിട്ട് മലബാർ സിമന്റ്സും ആർട്‌സൺ എൻജിനീയറിങ്ങും ചേർന്നുള്ള കൊച്ചി കപ്പൽ നിർമ്മാണ പദ്ധതി നിലവിൽ പ്രാഥമിക ഘട്ടത്തിലെത്തിയിട്ടുണ്ട്.

**ഗ്രീൻ മാരിടൈം സംരംഭങ്ങൾ:**

ശുദ്ധ ഊർജ്ജത്തിലേക്കുള്ള ആഗോള മാറ്റത്തിന് അനുസൃതമായി വിഴിഞ്ഞം ഇന്ധന ടെർമിനലിനെ ഗ്രീൻ ബങ്കറിങ് കേന്ദ്രമായി വികസിപ്പിക്കും. ഗ്രീൻ ഹൈഡ്രജൻ, ഗ്രീൻ ഇന്ധനങ്ങൾ, മറൈൻ ഇലക്ട്രിഫിക്കേഷൻ, ഓഫ്‌ഷോർ പുനരുപയോഗ ഊർജ്ജം, മാലിന്യ സംസ്കരണം കുറഞ്ഞ കാർബൺ ലോജിസ്റ്റിക്സ് എന്നീ മേഖലകളിൽ പുതിയ വ്യവസായ അവസരങ്ങൾ സൃഷ്ടിച്ച് ഭാവിയിലെ കപ്പലുകൾക്കാവശ്യമായ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിൽ കേരളം മുന്നിൽ നിൽക്കും.

**തീരദേശ സമൂഹത്തിന്റെ ശാക്തീകരണം:**

സമുദ്ര സാമ്പത്തിക വളർച്ചയുടെ യഥാർഥ നേട്ടം തലമുറകളായി കടലിനെ ആശ്രയിക്കുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിന് ലഭ്യമാക്കുക എന്നത് സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്. പുതിയ തൊഴിലവസരങ്ങളിൽ തീരദേശ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകുകയും അവരുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസവും പരിശീലനവും ഉറപ്പാക്കുകയും ചെയ്യുന്നു. സാധാരണ മത്സ്യബന്ധനത്തിന് പുറമെ മറൈൻ എൻജിനീയറിങ്, നാവിഗേഷൻ, ലോജിസ്റ്റിക്സ് - പോർട്ട് ഓപ്പറേഷൻസ്, കോൾഡ്ചെയിൻ മാനേജ്മെന്റ്, സീഫുഡ് പ്രൊസസിങ്, അക്വാകൾച്ചർ, മറൈൻ ടൂറിസം തുടങ്ങിയ മേഖലകളിലേക്ക് തീരദേശ യുവതലമുറയെ ഉയർത്തിക്കൊണ്ടുവരും.

**മാരിടൈം ടൂറിസത്തിന്റെ വികസനം:**

ക്രൂയിസ് ടൂറിസം, തീരദേശ വിനോദസഞ്ചാരം, വാട്ടർ സ്പോർട്സ്, പൈതൃക ടൂറിസം, ഉൾനാടൻ ജലപാതകൾ, ദ്വീപ് വിനോദസഞ്ചാരം എന്നിവയെ ബന്ധിപ്പിച്ച് ഒരു പുതിയ ടൂറിസം സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം. അന്താരാഷ്ട്ര നിലവാരത്തിലുള്ള മാരിടൈം മ്യൂസിയം കൊച്ചിയിൽ നിലവിൽ വരുന്നതോടെ കടൽ കാണാൻ വരുന്നവരെ മാത്രമല്ല, കടലിനെ അറിയാനും പഠിക്കാനും എത്തുന്ന സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കാൻ സാധിക്കും.

**തൊഴിലവസരങ്ങളും അക്കാദമിക് മാറ്റങ്ങളും:**

ഉന്നത വിദ്യാഭ്യാസമുള്ള യുവാക്കൾക്ക് സ്വന്തം നാട്ടിൽ ത്തന്നെ ഉയർന്ന മൂല്യമുള്ള തൊഴിലുകൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. മറൈൻ എൻജിനീയറിങ്, മാരിടൈം ലോ, പോർട്ട് മാനേജ്മെന്റ്, ലോജിസ്റ്റിക്സ് അനലിറ്റിക്സ്, കപ്പൽ രൂപകൽപ്പന, റോബോട്ടിക്സ്, മറൈൻ ബയോടെക്നോളജി, ഡിജിറ്റൽ ഷിപ്പിങ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവയാണ് ഭാവിയിലെ പ്രധാന തൊഴിൽ മേഖലകൾ. ഇതിനായി സർവകലാശാലകളും വ്യാവസായിക സ്ഥാപനങ്ങളും തുറമുഖങ്ങളും തമ്മിൽ പുതിയ സഹകരണ മാതൃക രൂപപ്പെടുത്തും.

പദ്ധതിക്കാവശ്യമായ പ്രൊഫഷണലുകളെ സൃഷ്ടിക്കാൻ മാരിടൈം പോളിസി & ലോ, ഇന്റർനാഷണൽ ലോജിസ്റ്റിക്സ് & സപ്ലൈ ചെയിൻ മാനേജ്മെന്റ് എന്നിവയിൽ വിവിധ സർട്ടിഫിക്കറ്റ്, പി. ജി. പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നു. അക്കാദമിക് പഠനത്തോടൊപ്പം ഇൻഡസ്ട്രിയൽ വിസിറ്റുകൾ, ഇന്റേൺഷിപ്പുകൾ, എ. ഐ. ടൂളുകൾ എന്നിവ വഴിയുള്ള പ്രായോഗിക പരിശീലനത്തിന് ഊന്നൽ നൽകും. കൂടാതെ ഓയിൽ & ഗ്യാസ് ടെക്നോളജി, പൈപ്പിങ് എൻജിനീയറിങ്, NDT ലെവൽ 2, ഡാറ്റാ സയൻസ്, എ. ഐ., ബിഗ് ഡാറ്റ എന്നിവയിലെ സാങ്കേതിക കോഴ്സുകളും പോർട്ട് ഓപ്പറേഷനുകൾക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബ്ലൂ ഇക്കണോമി ലക്ഷ്യങ്ങൾ**

കേരളത്തിന്റെ സമുദ്രതീരങ്ങളെയും തുറമുഖങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ ശക്തമായ ഒരു സമുദ്ര സമ്പദ്‌വ്യവസ്ഥയായി മാറ്റാൻ ലക്ഷ്യമിടുന്നപദ്ധതിയാണ് മിഷൻ സമുദ്ര. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സാമ്പത്തിക കവാടമായി പ്രവർത്തിക്കുമ്പോൾ, കപ്പൽ നിർമ്മാണം, ലോജിസ്റ്റിക്സ്, മറൈൻ ടൂറിസം എന്നിവയിലൂടെ വൻ വികസന സാധ്യതകളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. തീരദേശ സമൂഹത്തിന്റെ ക്ഷേമവും യുവാക്കൾക്കുള്ള തൊഴിലവസരങ്ങളും ഉറപ്പാക്കുന്നതോടൊപ്പം, റോഡ്-റെയിൽ-ജലപാതകൾ സംയോജിപ്പിച്ചുള്ള ഗതാഗത ശൃംഖലയും പരിസ്ഥിതി സൗഹൃദ ഗ്രീൻ ഇന്ധന സാങ്കേതികവിദ്യകളും ഈ ദൗത്യത്തിന്റെ പ്രധാനഭാഗങ്ങളാണ്. ചുരുക്കത്തിൽ, കടലിനെ വെറുമൊരു അതിർത്തിയല്ല, മറിച്ചു കേരളത്തിന്റെ സമഗ്ര വളർച്ചയ്ക്കുള്ള പ്രധാന വിഭവസ്രോതസ്സായി പദ്ധതി പുനർനിർവചിക്കുന്നു.



# എ. പി. കുര്യൻ : ക്രാന്തദർശിയായ സഭാധ്യക്ഷൻ





**പിണറായി വിജയൻ**
പ്രതിപക്ഷ നേതാവ്

കേരള നിയമസഭയുടെ ചരിത്രത്തിൽ സമാനതകളില്ലാത്ത വ്യക്തിമുദ്ര പതിപ്പിച്ച മുൻ സ്പീക്കർ എ. പി കുര്യൻ ഓർമ്മയായിട്ട് ഈ വർഷം കാൽനൂറ്റാണ്ട് തികഞ്ഞിരിക്കുകയാണ്. 2001 ആഗസ്ത് 30 നായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. നിയമസഭാ സ്പീക്കർ പദവിയിലെത്തുന്ന ആദ്യത്തെ സിപിഐ(എം) നേതാവായിരുന്നു അദ്ദേഹം. കാൽനൂറ്റാണ്ട് പിന്നിടുമ്പോഴും, ഒരു ജനപ്രതിനിധി എങ്ങനെയാകണം എന്നതിനും നിയമസഭയുടെ അധ്യക്ഷൻ എന്ന നിലയിൽ എങ്ങനെ ജനാധിപത്യ പ്രക്രിയയെ കൂടുതൽ അർത്ഥവത്താക്കാം എന്നതിനും എ.പി കുര്യൻ എന്ന ക്രാന്തദർശിയായ പാർലമെന്റേറിയൻ ഒരു വലിയ പാഠപുസ്തകമായി നമ്മുടെ മുന്നിലുണ്ട്.

എ. പി കുര്യന്റെ ജീവിതത്തിലെ ഏറ്റവും തിളക്കമാർന്ന അധ്യായം അദ്ദേഹം ആറാം കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടതാണ്. 1980 ഫെബ്രുവരി 15 മുതൽ 1982 ഫെബ്രുവരി 01 വരെ അദ്ദേഹം ആ പദവി അലങ്കരിച്ചു. രാജ്യത്തെ പാർലമെന്ററി നടപടി ക്രമങ്ങളുടെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ അടയാളപ്പെടുത്തപ്പെട്ട സഭാദ്ധ്യക്ഷനായിരുന്നു അദ്ദേഹം. ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിൽ കേരള നിയമസഭയ്ക്ക് വഴികാട്ടിയാകാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന് പ്രധാന കാരണം അദ്ദേഹം സ്പീക്കറായിരുന്ന കാലത്ത് നിയമനിർമ്മാണ ചട്ടങ്ങളിൽ കൊണ്ടുവന്ന വിപ്ലവകരമായ മാറ്റങ്ങളാണ്.

ജനാധിപത്യ സംവിധാനത്തിൽ നിയമനിർമ്മാണങ്ങളും ബഡ്ജറ്റ് വിഹിതങ്ങളും സഭയ്ക്കുള്ളിൽ മാത്രം ചർച്ച ചെയ്താൽ പോരാ എന്ന തിരിച്ചറിവിൽ നിന്നാണ് എ.പി കുര്യൻ 'സബ്ജക്ട് കമ്മിറ്റി' എന്ന ആശയം കേരള നിയമസഭയിൽ നടപ്പിലാക്കിയത്. ബില്ലുകളെയും വകുപ്പുതല ധനാഭ്യർത്ഥനകളെയും സഭയിലെ ചർച്ചക്കുപരിയായി കൂടുതൽ സൂക്ഷ്മമായി പഠിക്കാനും വിലയിരുത്താനും ഈ സംവിധാനം സഹായിച്ചു. ജനങ്ങൾക്കുവേണ്ടിയുള്ള നിയമങ്ങൾ കൂടുതൽ കുറ്റമറ്റതാക്കാൻ സബ്ജക്ട് കമ്മിറ്റികൾക്ക് കഴിഞ്ഞു.

നേരത്തെ ബജറ്റ് സമ്മേളനങ്ങളിൽ സമയക്കുറവ് കാരണം പല പ്രധാന വകുപ്പുകളുടെയും ധനാഭ്യർത്ഥനകൾ യാതൊരു ചർച്ചയുമില്ലാതെ പാസാക്കേണ്ടി വന്നിരുന്നു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി തുടങ്ങിയ സാമ്പത്തിക സമിതികളുടെ പ്രവർത്തനങ്ങൾ പലപ്പോഴും പണം ചെലവാക്കിയതിന് ശേഷമുള്ള പരിശോധനകൾ മാത്രമായിരുന്നു. ഇത് ഫലപ്രദമായ സാമ്പത്തിക നിയന്ത്രണ

ത്തിന് തടസ്സമായി നിന്നു. നിയമ സഭയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്ന തിനും സർക്കാരിന്റെ മേൽ സഭ യ്ക്കുള്ള നിയന്ത്രണം ശക്തമാക്കു ന്നതിനുമായി പുതിയൊരു സംവി ധാനം കൊണ്ടുവരുന്നതിനെപ്പറ്റി പഠിക്കാൻ 1979 മാർച്ചിൽ അന്നത്തെ നിയമസഭാ സ്പീക്കർ ഒരു അഡ്ഹോക്ക് കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റി 1979 ജൂലൈയിൽ തങ്ങളുടെ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സമർപ്പിച്ചു. എല്ലാ നിയമസഭാ അംഗങ്ങളെയും ഉൾപ്പെടുത്തി ക്കൊണ്ട് 10 സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കാൻ ഈ റിപ്പോർട്ട് ശിപാർശ ചെയ്തു. ബില്ലുകളും ധനാഭ്യർത്ഥനകളും സഭയിൽ പാസാക്കുന്നതിന് മുൻപ് വിശദ മായി പരിശോധിക്കുക, സർക്കാ രിന്റെ നയങ്ങളിലും പദ്ധതിക ളിലും ഉപദേശം നൽകുക എന്നിവ യായിരിക്കണം സബ്ജക്റ്റ് കമ്മിറ്റിയുടെ പ്രധാന ചുമതല കളെന്നും റിപ്പോർട്ട് വ്യക്തമാക്കി.

ഈ കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1980ൽ കേരള നിയമസഭ യിൽ ആദ്യമായി 10 സബ്ജക്റ്റ് കമ്മിറ്റികൾ നിലവിൽ വരികയു ണ്ടായി. ബജറ്റിൽ വകുപ്പുകൾ ക്കുള്ള തുക നിയമസഭയിൽ പാസാക്കുന്നതിന് മുൻപായി അതിൽ വിശദമായ പരിശോധന കൾ നടത്താൻ സബ്ജക്റ്റ് കമ്മിറ്റികൾക്ക് കഴിഞ്ഞു. ഭരണ നിർവ്വഹണത്തിൽ കൂടുതൽ സുതാര്യത ഇതുറപ്പുവരുത്തി. 1980ൽ 10 സബ്ജക്റ്റ് കമ്മിറ്റിക ളായി ആരംഭിച്ച ഈ സംവിധാനം നിലവിൽ 14 സബ്ജക്റ്റ് കമ്മിറ്റിക ളിൽ എത്തി നിൽക്കുന്നു. നിയമ സഭ ചേരാത്ത സമയങ്ങളിലും ഈ സമിതികൾ യോഗം ചേരുകയും വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്ന നിലയിലേക്ക് പാർലമെന്ററി പ്രവർത്തനം മെച്ചപ്പെടുത്താൻ ഇത് സഹായകമായി.

രാജ്യത്തെ മറ്റ് നിയമസഭ കൾക്കും പാർലമെന്റിനുപോലും പിന്നീട് കേരളം ഇക്കാര്യത്തിൽ ഒരു വലിയ മാതൃകയായി മാറി. കേരളം 1980ൽ നടപ്പിലാക്കിയ ഈ സബ്ജക്റ്റ് കമ്മിറ്റി മാതൃക പിൻപ റ്റിയാണ് പിന്നീട് 1993ൽ ഇന്ത്യൻ പാർലമെന്റിൽ രാജ്യസഭയ്ക്കും ലോക്സഭയ്ക്കുമായി ഡിപ്പാർട്ട് മെന്റൽ സ്റ്റാൻഡിങ് കമ്മിറ്റികൾ രൂപീകരിച്ചത്. പാർലമെന്ററി ജനാ ധിപത്യത്തെ ശക്തിപ്പെടുത്തിയ ഈ ഒരൊറ്റ മാറ്റം മതി എ. പി കുര്യൻ എന്ന സ്പീക്കറുടെ നാമം എന്നും ഓർമ്മിക്കപ്പെടാൻ.

മികച്ച ഒരു സാമാജികൻ എന്ന നിലയിലും നിയമസഭയ്ക്കു ള്ളിൽ ഭരണപക്ഷത്തും പ്രതി പക്ഷത്തും എ. പി കുര്യൻ പ്രവർത്തിച്ചു. ഭരണനിർവ്വഹണ വിഭാഗത്തിന് മേൽ നിയമസഭ യ്ക്കുള്ള നിയന്ത്രണം ഉറപ്പുവരു ത്തുന്നതിൽ സുപ്രധാന പങ്കുവഹി ക്കുന്ന പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായി 1972–73 കാലഘട്ടത്തിൽ അദ്ദേഹം സ്തുത്യർഹമായ സേവനമനു ഷ്ഠിച്ചു. മൂന്ന്, നാല്, അഞ്ച്, ആറ് എന്നീ തുടർച്ചയായ നാല് നിയമ സഭകളിലായി പതിനേഴ വർഷ ത്തോളം അങ്കമാലിയെ അദ്ദേഹം സഭയിൽ പ്രതിനിധീകരിച്ചു. അങ്കമാലി എന്ന മണ്ഡലം എ. പി കുര്യൻ എന്ന പേരിനോട് എത്ര ത്തോളം ചേർന്നുനിൽക്കുന്നു എന്ന് കേരളത്തിന്റെ തെരഞ്ഞെ ടുപ്പ് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും.

പാർലമെന്ററി രംഗത്ത് സഭയ്ക്കുള്ളിൽ തിളങ്ങുമ്പോഴും, സഭയ്ക്ക് പുറത്ത് ജനങ്ങളുടെ അവകാശങ്ങൾക്കായി പോരാടിയ വലിയൊരു ജനകീയ പശ്ചാത്തലം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ജനപ്രതിനിധി എങ്ങനെ പാർല മെന്ററി പ്രവർത്തനങ്ങളെ ജന കീയ പോരാട്ടങ്ങളുമായി കൂട്ടിയി ണക്കണം എന്നതിന്റെ ഏറ്റവും മികച്ച ഉദാഹരണമായിരുന്നു അദ്ദേഹം. തികഞ്ഞ യാഥാസ്ഥി തിക പശ്ചാത്തലത്തിൽ നിന്ന് വന്ന അദ്ദേഹം സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള കർഷക രുടെയും തൊഴിലാളികളുടെയും അവകാശങ്ങൾക്കായാണ് എന്നും നിലകൊണ്ടത്. എറണാകുളം ജില്ലയിലടക്കം കർഷകരെയും കുടികിടപ്പുകാരെയും സംഘടി പ്പിച്ച് കാർഷിക മുന്നേറ്റങ്ങൾക്ക് കരുത്തുപകർന്നു. ടെൽക്ക്, കാംകൊ, ട്രാവൻകൂർ റയോൺസ്, തോഷിബ ആനന്ദ് തുടങ്ങിയ വ്യവസായ ശാലകളിലെ തൊഴിലാ ളികളെ സംഘടിപ്പിക്കുന്നതിലും അദ്ദേഹം വലിയ പങ്കുവഹിച്ചു. ഭരണരംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. 1987–91 കാലത്ത് മുഖ്യമന്ത്രി ഇ. കെ നായനാരുടെ പൊളിറ്റി ക്കൽ സെക്രട്ടറിയായി അദ്ദേഹം മികച്ച പ്രവർത്തനമാണ് കാഴ്ച വെച്ചത്. പ്ലാന്റേഷൻ കോർപ്പറേ ഷൻ ഡയറക്ടറായും ബാംബൂ കോർപ്പറേഷൻ ചെയർമാനായും പ്രവർത്തിച്ചു.

ഇന്ന് നമ്മുടെ രാജ്യം നേരി ടുന്ന ഏറ്റവും വലിയ വെല്ലുവിളി ഭരണഘടനയും ജനാധിപത്യ സ്ഥാപനങ്ങളും നേരിടുന്ന ഭീഷ ണിയാണ്. കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാർ നിരന്തരമായി പാർലമെന്ററി ജനാധിപത്യമൂല്യ ങ്ങളെയും കീഴ്‌വഴക്കങ്ങളെയും അട്ടിമറിക്കുകയാണ്. പ്രതിപക്ഷ ശങ്ങളെ ഇല്ലാതാക്കാനും ചർച്ച കളില്ലാതെ നിയമങ്ങൾ പാസ്സാ ക്കാനുമുള്ള ശ്രമങ്ങൾ ഇതിന്റെ വ്യക്തമായ ഉദാഹരണങ്ങളാണ്. സ്പെഷ്യൽ ഇന്റൻസീവ് റിവി ഷൻ പോലുള്ള നടപടികളിലൂടെ ജനാധിപത്യ പ്രക്രിയയെ തങ്ങളുടെ സങ്കുചിത രാഷ്ട്രീയ താല്പര്യങ്ങൾക്കായി ഉപയോഗി ക്കുകയാണ്. ഇത്തരം വെല്ലുവിളി കളെ നേരിടാൻ എ. പി കുര്യൻ എന്ന ജനകീയനായ പാർലമെ ന്റേറിയന്റെ ജീവിതം നമുക്ക് വലിയൊരു പാഠമാണ്.

പാർലമെന്ററി ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും ജനപക്ഷ രാഷ്ട്രീയത്തിൽ അടി യുറച്ചു നിൽക്കാനും എ. പി കുര്യന്റെ ഓർമ്മകൾ നമുക്ക് എക്കാലവും പ്രചോദനമാകും. രാജ്യത്തിന് തന്നെ മാതൃകയായ നിയമനിർമ്മാണ ചട്ടങ്ങൾക്ക് രൂപം നൽകുമ്പോഴും അദ്ദേഹത്തിന്റെ ഹൃദയം തുടിച്ചിരുന്നത് സാധാര ണക്കാരായ കർഷകർക്കും തൊഴി ലാളികൾക്കും വേണ്ടിയായിരുന്നു. അദ്ദേഹം ഉയർത്തിപ്പിടിച്ച ജന പക്ഷ രാഷ്ട്രീയവും പാർലമെ ന്ററി ഇടപെടലുകളും കൂടുതൽ കരുത്തോടെ മുന്നോട്ടുകൊണ്ടു പോകാൻ അദ്ദേഹത്തിന്റെ സ്മരണ ഈ നിയമസഭയ്ക്കും ഓരോ സാമാജികർക്കും കരുത്തേകട്ടെ.

# അംഗസമാശ്വാസനിധി ധനസഹായ വിതരണം



സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സഹകരണവകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്ന 'അംഗസമാശ്വാസനിധി ധനസഹായ' വിതരണത്തിന്റെ കോട്ടയം ജില്ലാതല ഉദ്ഘാടനം സാഹിത്യ പ്രവർത്തക സംഘം ഹാളിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവ്വഹിച്ചു. സഹകരണ മേഖലയിലുള്ള വിശ്വാസ്യത കുടുതൽ ശക്തിപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും സഹകരണ മേഖലയെ മാറ്റിനിർത്തിക്കൊണ്ട് കേരളത്തിന്റെ സമഗ്രവികസനം സാധ്യമല്ലായെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സമൂഹത്തിന്റെ കൂടുതൽ മേഖലകളിലേക്ക് സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ടെന്നും സ്പീക്കർ അഭിപ്രായപ്പെട്ടു. കോട്ടയം ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 118 ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം സ്പീക്കറും നാട്ടകം സുരേഷ് എം.എൽ.എയും ചേർന്ന് നിർവ്വഹിച്ചു. ഗുരുതരരോഗങ്ങൾ ബാധിച്ച് കിടപ്പുരോഗികളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അമ്പതിനായിരം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് അംഗസമാശ്വാസനിധി. തദ്ദേശസ്വയം ഭരണ സ്ഥാപനപ്രതിനിധികൾ, സംസ്ഥാന കാർഷിക വികസന ബാങ്കിലെയും സഹകരണ വകുപ്പിലെയും ഉദ്യോഗസ്ഥർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു സംസാരിച്ചു.

# മോഡൽ ലെജിസ്ലേറ്റീവ് ഗ്രീൻ അസംബ്ലി



അഖില കേരളാ ബാലജനസംഖ്യത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികളെ പങ്കെടുപ്പിച്ച് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ സംഘടിപ്പിച്ച മോഡൽ ലെജിസ്ലേറ്റീവ് ഗ്രീൻ അസംബ്ലി സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശുവികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ മുഖ്യാതിഥിയായിരുന്നു. വിദ്യാർഥികളിൽ പരിസ്ഥിതി ബോധവും ജനാധിപത്യ മൂല്യങ്ങളും വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് മാതൃകാനിയമസഭ സംഘടിപ്പിച്ചത്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് മാതൃകാ നിയമസഭാസമ്മേളനം ആരംഭിച്ചത്. തുടർന്ന് ചോദ്യോത്തരവേള, ശ്രദ്ധക്ഷണിക്കൽ തുടങ്ങിയ സഭാനടപടികൾ മാതൃകയായി അവതരിപ്പിച്ചു. പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, ഹരിതഭാവിയുടെ രൂപീകരണം തുടങ്ങിയ വിഷയങ്ങളിൽ വിദ്യാർഥികളുടെ കാഴ്ചപ്പാടുകളും നിർദ്ദേശങ്ങളും സഭയിൽ ചർച്ച ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ പ്രമേയങ്ങളും വിദ്യാർഥികൾ അവതരിപ്പിച്ചു. ജില്ലയിലെ വിവിധ സ്കൂളുകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 200 വിദ്യാർഥികളും ബാലജനസഖ്യ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു. ജനാധിപത്യത്തിന്റെ നടപടിക്രമങ്ങളും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യവും വിദ്യാർഥികൾക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള വേദിയായി മാതൃകാ നിയമസഭ മാറി. യുഎൻഎഫ്സിസിസി (UNFCCC) യുടെ 32-ാം വാർഷികാഘോഷങ്ങളോടനുബന്ധിച്ചാണ് മോഡൽ ലെജിസ്ലേറ്റീവ് ഗ്രീൻ അസംബ്ലി സംഘടിപ്പിച്ചത്.

# കാർഷിക സമൃദ്ധി വീണ്ടെടുക്കാനായി 'പെപ്പർമിത്ര' പദ്ധതി

**നജീബ് കാന്തപുരം**, പെരിന്തൽമണ്ണ




പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കാർഷിക വികസന വിപ്ലവത്തിന് തുടക്കമിടാൻ 'പെപ്പർ മിത്ര' പദ്ധതിക്ക് ആരംഭം കുറിച്ചു. മണ്ഡലത്തിലെ പഴയകാല കാർഷിക സമൃദ്ധിയും പാരമ്പര്യവും വീണ്ടെടുക്കുന്നതിനൊപ്പം സാമ്പത്തിക സുസ്ഥിരതയുള്ള ഒരു പുതിയ കാർഷിക സംസ്കാരം വളർത്തിയെടുക്കുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പദ്ധതിയുടെ ആദ്യഘട്ടത്തിൽ മുപ്പതിനായിരം കർഷകരെ പങ്കാളികളാക്കും. കർഷകർക്ക് ഏറ്റവും മികച്ച ഗുണനിലവാരമുള്ള ഒൻപത്‌ലക്ഷം കുരുമുളക് തൈകളാണ് ആദ്യഘട്ടത്തിൽ വിതരണം ചെയ്യുന്നത്. കൃഷി വകുപ്പിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഏകോപനത്തിനായി മണ്ഡലത്തിലെ ഗ്രാമ ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റുമാരുടെയും കൃഷി ഓഫീസർമാരുടെയും ജനപ്രതിനിധികളുടെയും പ്രത്യേകയോഗം എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്നു. 'മണ്ണിലേക്ക് മടങ്ങുക' എന്ന സന്ദേശത്തിനപ്പുറം കൃഷിയെ മികച്ചതും ലാഭകരവുമായ ജീവിതമാർഗ്ഗമാക്കി മാറ്റിയെടുക്കുക എന്ന പെരിന്തൽമണ്ണ മോഡൽ നാടിന് സമർപ്പിക്കുകയാണ് പെപ്പർ മിത്രയിലൂടെ ലക്ഷ്യമിടുന്നതെന്നും ഒത്തൊരുമിച്ചുള്ള ഈ മുന്നേറ്റം പെരിന്തൽമണ്ണയുടെ സാമ്പത്തിക രംഗത്ത് വൻ കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുമെന്നും എം.എൽ.എ പ്രത്യാശിച്ചു. പാരമ്പര്യ കാർഷിക മേഖലയിലേക്ക് യുവതലമുറയെയും വനിതകളെയും തിരിച്ചെത്തിക്കുന്നതിനൊപ്പം സാധാരണക്കാരുടെയും പാവപ്പെട്ട കർഷകരുടെയും കുടുംബങ്ങളിൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുകയുമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യമെന്ന് എം.എൽ.എ. പറഞ്ഞു.

# അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം ജില്ലാതല ഉദ്ഘാടനം

**നജീബ് കാന്തപുരം, പെരിന്തൽമണ്ണ**




ലഹരി എന്ന സാമൂഹ്യവിപത്തിനെതിരെ സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന ഓപ്പറേഷൻ തൂഫാന് പിന്തുണ അറിയിച്ചുകൊണ്ടും പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി നജീബ് കാന്തപുരം എം.എൽ.എയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 'മെഗാ തൂഫാൻ സംഗമം' ഷിഫ കൺവെൻഷൻ സെന്ററിൽ ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു.

കേരളത്തിലെ വിദ്യാർഥികളെയും ചെറുപ്പക്കാരെയും ലഹരിയുടെ പിടിയിലാക്കാൻ ശ്രമിക്കുന്ന ലഹരി മാഫിയയ്ക്കെതിരെ ശക്തമായ നിലപാടുമായി കേരളം ഒറ്റക്കെട്ടായി പോരാടുമെന്നും അവരുടെ മുന്നിൽ കേരളം മുട്ടുമടക്കില്ലെന്നും മന്ത്രി പറഞ്ഞു. മറ്റു സംസ്ഥാനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ അതിശക്തമായ ലഹരി വേട്ടക്ക് കേരളം നേതൃത്വം നൽകുമെന്നും അദ്ദേഹം പറഞ്ഞു.

നാടിനെയും പുതിയ തലമുറയെയും ലഹരിയുടെ പിടിയിൽ നിന്ന് രക്ഷിക്കാനുള്ള ഈ പ്രവർത്തനം കേരള ജനത ഏറ്റെടുത്തിരിക്കുകയാണെന്നും ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ ജനങ്ങളുടെ പിന്തുണയാണ് കരുത്ത് പകരുന്നതെന്നും മന്ത്രി പറഞ്ഞു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നിന്നും 2300 വിദ്യാർഥി വോളണ്ടിയർമാരെ കേരളത്തിന് സംഭാവന ചെയ്തതായി ചടങ്ങിന് അദ്ധ്യക്ഷത നിർവ്വഹിച്ച നജീബ് കാന്തപുരം എം.എൽ.എ പറഞ്ഞു. ചടങ്ങിൽ വിവിധ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആഭ്യന്തര മന്ത്രി 'തൂഫാൻ അംബാസഡർ' ബാഡ്ജ് കൈമാറി. ചടങ്ങിൽ വി.എസ് ജോയ് എം.എൽ.എ, ജില്ലാ പോലീസ് മേധാവി ചൈത്ര തെരേസ ജോൺ, നഗരസഭ അധ്യക്ഷ സുരയ്യ ഫാറൂഖ്, മുൻമന്ത്രി നാലകത്ത് സൂപ്പി, തദ്ദേശസ്വയം ഭരണ സ്ഥാപന ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

# വാഴക്കാല – ആമക്കുന്ന് പാലത്തിന്റെ ഉദ്ഘാടനം

എം. ജെ. സെബാസ്റ്റ്യൻ, പൂഞ്ഞാർ



എരുമേലി വലിയതോട്ടിലെ വാഴക്കാല-ആമക്കുന്ന് പാലത്തിന്റെ ഉദ്ഘാടനം പൂഞ്ഞാർ എം.എൽ.എ. എം. ജെ. സെബാസ്റ്റ്യനും മുൻ എം.എൽ.എ. സെബാസ്റ്റ്യൻ കുളത്തുങ്കലും ചേർന്ന് നിർവ്വഹിച്ചു. മുൻ സർക്കാരിന്റെ ഭരണ കാലത്ത് പൂഞ്ഞാർ എം.എൽ.എ. ആയിരുന്ന സെബാസ്റ്റ്യൻ കുളത്തുങ്കലിന്റെ ആസ്തിവികസന ഫണ്ടിൽ നിന്ന് 80 ലക്ഷം രൂപ ചെലവഴിച്ചാണ് എരുമേലി വലിയതോട്ടിലെ വാഴക്കാല-ആമക്കുന്ന് പാലത്തിന്റെ നിർമ്മാണത്തിന് തുടക്കം കുറിച്ചത്. സർക്കാർ ഫണ്ട് ഉപയോഗിച്ച് റോഡുകളും പാലങ്ങളും ഉൾപ്പെടെയുള്ള വികസനപദ്ധതികൾ നടപ്പാക്കുമ്പോൾ അതിൽ തന്റെ പേര് രേഖപ്പെടുത്തേണ്ടതില്ലെന്നും ജനങ്ങളുടെ നികുതി പണം ഉപയോഗിച്ച് നിർമ്മിക്കുന്ന വികസന പദ്ധതികൾക്ക് എം.എൽ.എ.യുടെ പേര് ആവശ്യമില്ലായെന്ന എം. ജെ. സെബാസ്റ്റ്യൻ എം.എൽ.എ.യുടെ നിർദ്ദേശത്തെ തുടർന്ന് ശിലാഫലകത്തിൽ അദ്ദേഹത്തിന്റെ പേര് ഒഴിവാക്കി 'ഉദ്ഘാടനം പൂഞ്ഞാർ എം.എൽ.എ.' എന്ന രീതിയിലായിരുന്നു ക്രമീകരണം ചെയ്തിരുന്നത്. പാലത്തിനായി ഫണ്ട് അനുവദിച്ചതും നിർമ്മാണത്തിന്റെ പകുതിയിലധികം പൂർത്തിയാക്കിയതും മുൻ എം.എൽ.എ.യുടെ കാലത്തായതിനാൽ പദ്ധതിയുടെ ക്രെഡിറ്റ് അദ്ദേഹത്തിന് നൽകേണ്ടത് സാമാന്യനീതിയും രാഷ്ട്രീയമര്യാദയുമാണെന്നും എം. ജെ. സെബാസ്റ്റ്യൻ എം.എൽ.എ. വ്യക്തമാക്കി. ഉദ്ഘാടന ചടങ്ങിൽ തദ്ദേശസ്വയം ഭരണ സ്ഥാപന പ്രതിനിധികളും പങ്കെടുത്തു.

# നേമത്തോണം 2026

**രാജീവ് ചന്ദ്രശേഖർ**, നേമം

ഓണത്തിന്റെ സന്തോഷവും, സ്നേഹവും പങ്കുവെച്ച് നേമം മണ്ഡലം എം.എൽ.എ. രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ നേമത്തോണം 2026' ന്റെ ആഘോഷ പരിപാടികൾ 2026 ആഗസ്റ്റ് 16ന് കൈമനം ശ്രീ വിനായക ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു.

ആഘോഷത്തിന്റെ ഭാഗമായി വിവിധ കലാകായിക പരിപാടികളോടൊപ്പം സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവർക്ക് കരുതലും സ്നേഹവും പകരുന്ന ആരോഗ്യ സുരക്ഷാ ഉപകരണങ്ങളും ക്യാൻസർ രോഗികൾക്ക് ഭക്ഷ്യക്കിറ്റുകൾ, ഓണക്കോടി, മെഡിക്കൽ ബെഡുകൾ, വീൽ ചെയറുകൾ, വാക്കിംഗ് സ്റ്റിക്ക്,



വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റുകൾ, ലാപ് ടോപ്പുകൾ, ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഓണക്കോടി എന്നിവ വിതരണം നടത്തുകയും ചെയ്തു.



# അസംബ്ലി, ഓഫീസ് അറ്റൻഡന്റ് വിഭാഗം ജീവനക്കാർക്ക് പരിശീലനം

കെ-ലാംപ്സ് (പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അസംബ്ലി അറ്റൻഡന്റ്, ഓഫീസ് അറ്റൻഡന്റ് ഗ്രേഡ്-1 ജീവനക്കാർക്കായി 2026 ആഗസ്റ്റ് 6ന് നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പാഠശാലയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ പി. ഹരി പരിപാടിയിൽ സ്വാഗതം ആശംസിച്ചു. ആദ്യ സെഷനിൽ അസംബ്ലി അറ്റൻഡന്റുമാർ സഭയ്ക്കുള്ളിൽ പാലിക്കേണ്ട ഔദ്യോഗിക മര്യാദകൾ, പെരുമാറ്റച്ചട്ടങ്ങൾ, സഭാനടപടികളുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട വിവിധ ചുമതലകൾ, ഉത്തരവാദിത്വങ്ങൾ, മേലുദ്യോഗസ്ഥരിൽ നിന്ന് ലഭിക്കുന്ന നിർദേശങ്ങൾ കൃത്യമായും സമയബന്ധിതമായും പാലിക്കേണ്ടതിന്റെ പ്രാധാന്യം, സഭയുടെ അച്ചടക്കവും ഗൗരവവും കാത്തുസൂക്ഷിക്കുന്നതിൽ അസംബ്ലി അറ്റൻഡന്റുമാർ വഹിക്കേണ്ട നിർണായക പങ്ക് എന്നിവ സംബന്ധിച്ച് പരിശീലകനായ ശ്യാം കെ.എസ്. അണ്ടർ സെക്രട്ടറി വിശദീകരിച്ചു.



രണ്ടാം സെഷനിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ തന്റെ ദീർഘകാല ഔദ്യോഗിക സേവന കാലയളവിൽ അസംബ്ലി അറ്റൻഡന്റ് എന്ന നിലയിൽ നിർവ്വഹിച്ച വിവിധ ചുമതലകളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് റിട്ട. അസംബ്ലി അറ്റൻഡന്റ് രാമചന്ദ്രൻ പിള്ള സംസാരിച്ചു. 45 ജീവനക്കാർ പങ്കെടുത്ത പരിശീലന പരിപാടിയിൽ, കെ-ലാംപ്സ് വിഭാഗം ഡയറക്ടർ ഷീന ശിവദാസ് പരിപാടി സംബന്ധിച്ച അവലോകനം നടത്തി.

# പുതിയതായി ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റുമാർക്ക് ഇൻഡക്ഷൻ പരിശീലന പരിപാടി

നിയമസഭാ സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് തസ്തികയിൽ പുതിയതായി ജോലിയിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്കായി കെലാംപ്സ് (പി.എസ്.) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഇൻഡക്ഷൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. 2026 സെപ്റ്റംബർ 10, 11 എന്നീ തീയതികളിൽ നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പഠന പരിശീലന ഹാളിലാണ് പരിശീലന പരിപാടി നടന്നത്. കെലാംപ്സ് ഡയറക്ടർ ഷീന ശിവദാസ് സ്വാഗതം ആശംസിക്കുകയും ഇൻഡക്ഷൻ പരിശീലനത്തിന്റെ ലക്ഷ്യവും പ്രാധാന്യവും വിശദീകരിക്കുകയും ചെയ്തു. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനരീതിയെക്കുറിച്ചും വിവിധ വിഭാഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ചും ഡയറക്ടർ ആമുഖമായി വിശദീകരിച്ചു. സെപ്റ്റംബർ 10ന് സംഘടിപ്പിച്ച ആദ്യ സെഷനിൽ നിയമസഭയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ, നിലവിലുള്ള ചട്ടങ്ങൾ, റൂളിംഗുകൾ, കീഴ്‌വഴക്കങ്ങൾ എന്നിവയെ സംബന്ധിച്ചും തുടർന്ന് നിയമസഭാംഗങ്ങളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും സംബന്ധിച്ചും നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ വിഭാഗങ്ങൾ നിയമസഭയുടെ പ്രവർത്തനങ്ങളിൽ നിർവ്വഹിക്കുന്ന ജോലികളെക്കുറിച്ചും ദീപക് എസ്. വി., ഡെപ്യൂട്ടി സെക്രട്ടറി വിശദീകരിച്ചു. തുടർന്ന് നടന്ന രണ്ടാം സെഷനിൽ ചോദ്യോത്തര വേള, നിയമനിർമ്മാണം എന്നീ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ ആയതിന്റെ വിവിധ ഘട്ടങ്ങൾ, ഓരോഘട്ടത്തിലും നിയമസഭയും നിയമസഭാ സെക്രട്ടേറിയറ്റും വഹിക്കുന്ന പങ്ക് എന്നിവയെ സംബന്ധിച്ച് ജ്യോതി എൽ., ജോയിന്റ് സെക്രട്ടറി വിശദീകരിച്ചു.



പരിശീലനത്തിന്റെ രണ്ടാം ദിവസമായ 2026 സെപ്റ്റംബർ 11ന് സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ ആധാരമാക്കി നടന്ന ക്ലാസ്സിൽ ഓഫീസ് പ്രവർത്തനങ്ങളുടെ ഭാഗമായി ഫയലുകൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ,ഔദ്യോഗിക പ്രവർത്തനങ്ങൾ നിർവ്വഹിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പൊതുമര്യാദകൾ, ഓഫീസ് പെരുമാറ്റച്ചട്ടങ്ങൾ, ഇഓഫീസ് സംവിധാനത്തിന്റെ പ്രവർത്തനരീതി എന്നിവയെക്കുറിച്ച് ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി വിശദീകരിച്ചു. തുടർന്നുള്ള രണ്ടാം സെഷനിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ സമിതി വിഭാഗങ്ങളെക്കുറിച്ചും സമിതികളുടെ പ്രവർത്തനരീതി സംബന്ധിച്ചും സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി ദിനേഷ് കുമാർ കെ. വിശദീകരിച്ചു. നിയമസഭയുടെ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും സെക്രട്ടേറിയറ്റിലെ ഓഫീസ് പ്രവർത്തനങ്ങളും ഇഓഫീസ് സംവിധാനവും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പുതിയതായി സേവനത്തിൽ പ്രവേശിച്ച അസിസ്റ്റന്റുമാർക്ക് സമഗ്രമായ അവബോധം നൽകുന്നതായിരുന്നു പരിശീലന പരിപാടി. കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ സിന്ധു റ്റി. ജി. പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തി.

# ഇലക്ട്രിക് ബഗ്ഗി ഫ്ളാഗ് ഓഫ് ചെയ്തു

നിയമസഭാ മ്യൂസിയം സന്ദർശകർക്കായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സി.എസ്.ആർ. ഫണ്ടിൽ നിന്നും ലഭ്യമാക്കിയ 14 സീറ്റുള്ള ഇലക്ട്രിക് ബഗ്ഗിയുടെ ഫ്ളാഗ് ഓഫ് 2026 സെപ്റ്റംബർ 2 ന് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. എം.എൽ.എ. മാരായ റെജി ചെറിയാൻ, കെ. ബിനിമോൻ, നിയമസഭാ സെക്രട്ടറി ഇൻ - ചാർജ് ഷാജി സി. ബേബി, നിയമസഭയുടെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെയും ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു.



# അസിസ്റ്റന്റുമാർക്ക് പരിശീലനം

കെ-ലാംപ്സ് (പി.എസ്) വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ് വിഭാഗം ജീവനക്കാർക്കായി 'നിയമസഭയുടെ സവിശേഷാധികാരങ്ങൾ' എന്ന വിഷയത്തിൽ 2026 സെപ്തംബർ 28 ന് നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പഠന പരിശീലന ഹാളിൽ ഒരു പഠന ക്ലാസ്സ് സംഘടിപ്പിച്ചു. പരിപാടിയിൽ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ ശാന്തകുമാർ എസ്. സ്വാഗതം ആശംസിച്ചു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി മോഹന കുമാർ. കെ ക്ലാസ്സ് നയിച്ചു. നാട്ടുരാജ്യങ്ങളായി വർത്തിച്ചിരുന്ന അവസ്ഥയിൽ നിന്നും കേരള സംസ്ഥാനത്തിലേക്കും കേരള നിയമസഭയുടെ രൂപീകരണത്തിലേക്കും അതിന്റെ തുടർ വികസനത്തിലേക്കും നയിച്ച വിവിധ ചരിത്രപരമായ ഘട്ടങ്ങളെക്കുറിച്ച് ക്ലാസിൽ വിശദമായി അവതരിപ്പിച്ചു. നിയമസഭക്ക് ഭരണഘടന അനുവദിച്ചിട്ടുള്ള പ്രത്യേക അധികാരങ്ങൾ, നിയമസഭാ സെക്രട്ടേറിയറ്റിന്റെ സവിശേഷവും ഭരണഘടനാപരവും സ്ഥാപനപരവുമായ പ്രത്യേകതകൾ, നിയമസഭാ ജീവനക്കാർക്ക് ബാധകമായ ചട്ടങ്ങളും വ്യവസ്ഥകളും, സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിൽ ജീവനക്കാർക്കുള്ള ഉത്തരവാദിത്തങ്ങൾ, വിവിധ വിഭാഗങ്ങളുടെ രൂപീകരണത്തിന് പിന്നിലെ സാഹചര്യങ്ങൾ എന്നിവയെക്കുറിച്ച് സമഗ്രമായി അദ്ദേഹം ക്ലാസ്സിൽ വിശദീകരിച്ചു. കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ സിന്ധു റ്റി. ജി. പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തി.



# ധനകാര്യ കമ്മിറ്റികളിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം



കെ-ലാംപ്സ് (പി.എസ്) എ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ ധനകാര്യ കമ്മിറ്റികളിലെ ഉദ്യോഗസ്ഥർക്കായി 2026 ജൂലൈ 31, ആഗസ്റ്റ് 1 എന്നീ തീയതികളിലായി നിയമസഭാ സമുച്ചയത്തിലെ പാർലമെന്ററി പാഠശാലയിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. ജൂലൈ 31ന് സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ സ്വാഗതം ആശംസിക്കുകയും ഇത്തരം ഒരു ക്ലാസ് അടിയന്തരമായി സംഘടിപ്പിച്ചതിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി എന്നിവയിലെ ഉദ്യോഗസ്ഥർ പങ്കെടുത്ത പരിപാടിയിൽ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് സംബന്ധിച്ച പൊതുവായ കാര്യങ്ങളെക്കുറിച്ചും വിവിധ ധനകാര്യകമ്മിറ്റികൾ പരിശോധനയ്ക്കെടുക്കുന്നഓഡിറ്റ് ഖണ്ഡികകൾ എങ്ങനെ രൂപപ്പെടുന്നു എന്നതിനെ സംബന്ധിച്ചും അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നുള്ള റിസോഴ്സ് പേഴ്സൺസ് വിശദീകരിച്ചു.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട സെഷനിൽ സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ജോമി കെ. ജോസഫ്, അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ സീനിയർ ഓഡിറ്റ് ഓഫീസർ സന്ധ്യാ രാമചന്ദ്രൻ എസ്. എന്നിവർ ക്ലാസ് നയിച്ചു. പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട സെഷനിൽ ജോയിന്റ് സെക്രട്ടറി ഷീബാ വർഗീസ് സീനിയർ ഓഡിറ്റ് ഓഫീസർ ജി. സി. നാരായണൻ പോറ്റി എന്നിവർ വിഷയാവതരണം നടത്തി.

ആഗസ്റ്റ് 1 ന് സംഘടിപ്പിച്ച ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി സെക്രട്ടറി ഡി. ഒ. രെജിയും സീനിയർ ഓഡിറ്റ് ഓഫീസർ ബെൻസിമോൾ എ. യും സെഷൻ കൈകാര്യം ചെയ്തു. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുമായി ബന്ധപ്പെട്ട് ജോയിന്റ് സെക്രട്ടറി ആർ. എസ്. സന്തോഷ്കുമാർ വിഷയാവതരണം നടത്തി. കെ-ലാംപ്സ് ജോയിന്റ് ഡയറക്ടർ സിന്ധു റ്റി. ജി., പരിപാടിയിൽ കൃതജ്ഞത രേഖപ്പെടുത്തി.



# ഓണപ്പൊലിമ 2026

കേരളനിയമസഭാ സെക്രട്ടേറിയറ്റിലെ 2026 വർഷത്തെ ഓണാഘോഷ പരിപാടികൾ‘ഓണപ്പൊലിമ’ എന്ന പേരിൽ സംഘടിപ്പിച്ചു. ആഘോഷ പരിപാടികളുടെ ഉദ്ഘാടനം ആഗസ്റ്റ് 21 ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. നിയമസഭാ ജീവനക്കാർക്കായി അത്തപ്പൂക്കളം, വടംവലി തുടങ്ങി വിവിധ മത്സരങ്ങളും, ഓണസദ്യയും സംഘടിപ്പിച്ചു. ഉച്ചയ്ക്കുശേഷം നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ വിവിധ കലാപരിപാടികൾ അരങ്ങേറി. ചടങ്ങിൽ സ്പീക്കർ ജീവനക്കാർക്കും കുടുംബാംഗങ്ങൾക്കും ഓണാശംസകൾ നേർന്നു. ഓണാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും സ്പീക്കർ വിതരണം ചെയ്തു.




Happy
Onam

Happy







Happy
Onam



# സ്വാതന്ത്ര്യദിനാഘോഷം

രാജ്യത്തിന്റെ എൺപതാം സ്വാതന്ത്ര്യദിനം നിയമസഭാ സെക്രട്ടേറിയറ്റിൽ വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു. സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 2026 ആഗസ്റ്റ് 15ന് നിയമസഭാ സമുച്ചയത്തിൽ സ്പീക്കർ ദേശീയ പതാക ഉയർത്തുകയും നിയമസഭാങ്കണത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമകളിൽ ഹാരാർപ്പണവും പുഷ്പാർച്ചനയും നടത്തുകയും വാച്ച് ആന്റ് വാർഡ് വിഭാഗം നൽകിയ ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ജീവനക്കാരുടെ ഗായക സംഘത്തിന്റെ ദേശഭക്തി ഗാനാലാപനവും നിയമസഭാ ജീവനക്കാർ പങ്കെടുത്ത മെഗാ തിരുവാതിരയും നടന്നു. ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ഷാനിമോൾ ഉസ്മാൻ, നിയമസഭാ സെക്രട്ടറി- ഇൻ-ചാർജ് ഷാജി സി. ബേബി, നിയമസഭാ ജീവനക്കാർ എന്നിവർ പങ്കെടുത്തു.






# സ്പീക്കറുടെ ന്യൂഡൽഹി സന്ദർശനം



നിയമസഭാ സ്പീക്കറായി ചുമതലയേറ്റെടുത്ത ശേഷം ആദ്യമായി ന്യൂഡൽഹിയിൽ എത്തിയ തിരുവഞ്ചൂർ രാധാകൃഷ്ണൻ 2026 ആഗസ്റ്റ് 10 ന് പാർലമെന്റ് മന്ദിരത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർലയുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിൽ നിന്നുള്ള ലോക്സഭാംഗങ്ങൾ പാർലമെന്റ് മന്ദിരത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. 2026 നവംബറിൽ പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലേയും കേന്ദ്ര ഭരണപ്രദേശങ്ങളിലെയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർപേഴ്സൺമാരുടെ അഖിലേന്ത്യാ സമ്മേളനത്തിന് കേരളനിയമസഭാ സെക്രട്ടേറിയറ്റ് ആതിഥ്യം വഹിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തു. ഇന്ത്യൻ ഭരണഘടനയുടെ കൈയ്യെഴുത്ത് പ്രതിയും പുതിയ പാർലമെന്റ് മന്ദിരത്തിന്റെ മാതൃകയും ലോക്സഭാ സ്പീക്കർ കേരളനിയമസഭാ സ്പീക്കർക്ക് ഉപഹാരമായി നൽകി.



2026 ആഗസ്റ്റ് 11 ന് സ്പീക്കർ രാജ്യസഭാ ചെയർമാൻ സി. പി. രാധാകൃഷ്ണനുമായി പാർലമെന്റ് മന്ദിരത്തിൽ കൂടിക്കാഴ്ച നടത്തി. തുടർന്ന് അദ്ദേഹം ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ എന്നിവരെയും സന്ദർശിച്ചു.

കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്കും മുതിർന്ന മാധ്യമപ്രവർത്തകർക്കുമായി സ്പീക്കർ കേരളഹൗസിൽ സംഘടിപ്പിച്ച സൗഹൃദ സംഗമത്തിൽ കേരളത്തിൽ നിന്നുള്ള ലോക്സഭാംഗങ്ങളും രാജ്യസഭാംഗങ്ങളും ന്യൂഡൽഹിയിലെ പ്രമുഖ മാധ്യമ പ്രവർത്തകരും പങ്കെടുത്തു.



# ചിത്രജാലകം



2026ലെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളിലെ ദീപാലങ്കാരത്തിന് കേരളനിയമസഭയ്ക്ക് ലഭിച്ച ഒന്നാം സമ്മാനം സെക്ഷൻ ഓഫീസർ സുരേഷ് കുമാർ എ. ടൂറിസം വകുപ്പ് മന്ത്രി പി. സി. വിഷ്ണുനാഥിൽ നിന്നും ഏറ്റുവാങ്ങുന്നു.



കേശവദേവ് സാംസ്കാരിക വേദിയുടെ 2025ലെ 'കേശവദേവ് സാഹിത്യ പുരസ്കാരം' നിയമസഭാ സെക്രട്ടേറിയറ്റിലെ അണ്ടർ സെക്രട്ടറി എ. സജികുമാറിന് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മാനിക്കുന്നു. 'അർബൻ വേട്ട' എന്ന കൃതിക്കാണ് പുരസ്കാരം



## ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മിറ്റിയിൽ ഫൈസൽ ബാബു എം.എൽ.എ.

കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മിറ്റിയിലേക്ക് കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ നിന്നുള്ള സാമാജികൻ ഫൈസൽ ബാബുവിനെ നാമനിർദ്ദേശം ചെയ്തു. കമ്മിറ്റിയിൽ അംഗമായിരുന്ന ടി. പി. അഷ്റഫലി രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്കാണ് നാമനിർദ്ദേശം ചെയ്തത്.

## കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലെ ജനറൽ വിഭാഗത്തിലേക്ക് നിയമസഭാ സാമാജികർ



കെ. എം. അഭിജിത്ത്



ടി. പി. അഷ്റഫലി



ടി. വി. ഇബ്രാഹിം



സേവ്യർ ചിറ്റിലപ്പിള്ളി

കാലിക്കറ്റ് സർവ്വകലാശാല സെനറ്റിലെ ജനറൽ വിഭാഗത്തിലേക്ക് നാല് സാമാജികരെ തിരഞ്ഞെടുത്തു. കെ. എം. അഭിജിത്ത്, ടി. പി. അഷ്റഫലി, ടി. വി. ഇബ്രാഹിം, സേവ്യർ ചിറ്റിലപ്പിള്ളി എന്നിവരാണ് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.




# ലോക മാസ്റ്റേഴ്സ് മീറ്റിൽ സ്വർണ്ണമെഡൽ ഉൾപ്പെടെ നാല് മെഡലുകൾ കരസ്ഥമാക്കി മുൻ എം.എൽ.എ. എം. ജെ. ജേക്കബ്

തെക്കൻ കൊറിയയിലെ ഡെഗു സ്റ്റേഡിയത്തിൽ 2026 ആഗസ്റ്റ് 21 മുതൽ സെപ്റ്റംബർ 3 വരെ നടന്ന 26-ാമത് ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മുൻ എം.എൽ.എ. എം. ജെ. ജേക്കബ് രണ്ട് സ്വർണ്ണമെഡലുകൾ അടക്കം 4 മെഡലുകൾ കരസ്ഥമാക്കി. 200 മീറ്റർ ഹർഡിൽസ്, 80 മീറ്റർ ഹർഡിൽസ് എന്നിവയിൽ സ്വർണ്ണമെഡലുകളും 200 മീറ്റർ ഓട്ടം, ലോംഗ് ജംബ് എന്നിവയിൽ വെങ്കല മെഡലുകളുമാണ് ഇന്ത്യയ്ക്കുവേണ്ടി അദ്ദേഹം കരസ്ഥമാക്കിയത്.

106 രാജ്യങ്ങളിൽ നിന്ന് വിവിധ ഏജ് ഗ്രൂപ്പുകളിൽപ്പെട്ട 7000ലധികം സ്ത്രീപുരുഷ കായിക താരങ്ങളാണ് ഈ ലോകമീറ്റിൽ പങ്കെടുത്തിരുന്നത്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും 77 കായികതാരങ്ങൾ പങ്കെടുത്തു. ഇന്ത്യയ്ക്കു ലഭിച്ച 3 സ്വർണ്ണ മെഡലുകളിൽ രണ്ടെണ്ണവും കരസ്ഥമാക്കിയത് മുൻ നിയമസഭാംഗം കൂടിയായ എം. ജെ. ജേക്കബാണ്. ജപ്പാൻ, ചൈന, മലേഷ്യ, ഫിലിപ്പയിൻസ് എന്നിവിടങ്ങളിൽ നടന്ന ഏഷ്യൻ മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പുകളിലും ഫ്രാൻസ്, സ്പെയിൻ, ഓസ്ട്രിയ, ഫിൻലാൻഡ്, അമേരിക്ക എന്നിവിടങ്ങളിൽ വച്ച് നടന്ന ലോക മാസ്റ്റേഴ്സ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പുകളിലും എം. ജെ. ജേക്കബ് ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കുകയും മെഡലുകൾ നേടുകയും ചെയ്തിട്ടുണ്ട്. 12-ാം കേരള നിയമ സഭയിൽ പിറവം മണ്ഡലത്തിൽ നിന്നുള്ള എം.എൽ.എ. ആയിരുന്നു.

# മിസോറാം നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗങ്ങളുടെ കേരളനിയമസഭാ സന്ദർശനം

മിസോറാം നിയമസഭയിലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാനും എം.എൽ.എയുമായ ഡോ. ലോറൈൻ ലാൽപെക്ലിയാന ചിൻസ, സമിതി അംഗങ്ങളായ ലാൽഛ്വാൻതംഗ, ലാൽസിർലിയാന, ലാൽറിൻസംഗ റാൽതേ, ബാരിൽ വാനിഹ്സാംഗി എന്നിവരും മറ്റുദ്യോഗസ്ഥരും ഉൾപ്പെട്ട സംഘം 2026 സെപ്റ്റംബർ 15ന് കേരളനിയമസഭ സന്ദർശിക്കുകയും കേരള നിയമസഭയുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗം പി.എം.എ സമീർ എം.എൽ.എ. യുടെ നേതൃത്വത്തിൽ ചേർന്ന സംയുക്ത യോഗത്തിൽ സംഘം പങ്കെടുക്കുകയും ചെയ്തു. തുടർന്ന് സംഘം നിയമസഭാ സമുച്ചയം, സഭാ സമ്മേളന ഹാൾ എന്നിവ സന്ദർശിക്കുകയും ചെയ്തു.



# മണിപ്പൂർ നിയമസഭാ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയുടെ കേരളനിയമസഭാ സന്ദർശനം



മണിപ്പൂർ നിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി അംഗങ്ങൾ 2026 ആഗസ്റ്റ് 6ന് കേരളനിയമസഭ സന്ദർശിച്ചു. കമ്മിറ്റി ചെയർമാനും എം.എൽ.എ. യുമായ ഡോ. തോക്ചോം രാധേശ്യാം സിംഗ്, സമിതിയംഗം ലെയ്ഷിയോ കെയ്ഷിംഗ്, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട സംഘത്തെ നിയമസഭാ സെക്രട്ടറി ഇൻ – ചാർജ് ഷാജി സി. ബേബി, ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് സ്വീകരിച്ചു. കേരളനിയമസഭയുടെ പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയംഗം സി. ആർ. മഹേഷ് എം.എൽ.എ. യുടെ നേതൃത്വത്തിൽ ചേർന്ന സംയുക്ത യോഗത്തിൽ സന്ദർശക സമിതി അംഗങ്ങൾ പങ്കെടുക്കുകയും തുടർന്ന് സംഘം നിയമസഭാ സമുച്ചയം, സഭാ സമ്മേളന ഹാൾ എന്നിവ സന്ദർശിക്കുകയും ചെയ്തു. കമ്മിറ്റിയംഗങ്ങളായ കുറുക്കോളി മൊയ്തീൻ, ചാണ്ടി ഉമ്മൻ എന്നിവരും സംഘാംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.

# പാർലമെന്റ് – മൺസൂൺ സമ്മേളനം



പതിനെട്ടാം ലോക്സഭയുടെ മൺസൂൺ സമ്മേളനം 2026 ജൂലൈ 20 മുതൽ 2026 ഓഗസ്റ്റ് 13 വരെ ചേർന്നു. 25 ദിവസങ്ങളിലായി ചേർന്ന സമ്മേളനത്തിൽ ആകെ 19 സിറ്റിങ്ങുകളാണ് ഉണ്ടായിരുന്നത്. സമ്മേളന കാലയളവിൽ ലോക്സഭയിൽ 11 ബില്ലുകളും രാജ്യസഭയിൽ 2 ബില്ലുകളും അവതരിപ്പിക്കുകയും ഇരു സഭകളും ചേർന്ന് സമ്മേളന കാലയളവിൽ ആകെ 12 ബില്ലുകൾ പാസാക്കുകയും ചെയ്തു.

സമ്മേളനത്തിന് മുമ്പ് രാഷ്ട്രപതി പുറപ്പെടുവിച്ചിരുന്ന രണ്ട് ഓർഡിനൻസുകളിലെ വ്യവസ്ഥകൾക്ക് പകരമായി കൊണ്ടുവന്ന രണ്ട് ബില്ലുകൾ The Supreme Court (Number of Judges) Amendment Bill, 2026, The Income-Tax (Amendment) Bill, , 2026 ഇരു സഭകളും പരിഗണിച്ച് പാസാക്കി.

2022 –23 വർഷത്തേക്കുള്ള അധിക ധനസഹായത്തിനായുള്ള ഡിമാന്റുകൾ (Demands for Excess Grants)പരിഗണിക്കുകയും, ഇതു സംബന്ധിച്ച വിനിയോഗ ബിൽ (Appropriation Bill) 2026 ഓഗസ്റ്റ് 4ന് ലോക്സഭയിൽ അവതരിപ്പിക്കുകയും പരിഗണിച്ച് പാസാക്കുകയും ചെയ്തു. തുടർന്ന് ബിൽ 2026 ഓഗസ്റ്റ് 6ന് രാജ്യസഭ അത് ലോക്സഭയ്ക്ക് തിരിച്ചയക്കുകയും ചെയ്തു.

The Foreign Contribution (Regulation) Amendment Bill, 2026 വിശദമായ പരിശോധനയ്ക്കും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഇരു സഭകളുടെയും സംയുക്ത സമിതിക്ക് റഫർ ചെയ്തു. പൊതുപരീക്ഷകളുമായി ബന്ധപ്പെട്ട് വിദ്യാർഥികളുടെ ആശങ്കകൾ അടിയന്തരമായി പരിഹരിക്കുന്നതിനായി അവതരിപ്പിച്ച The Public Examinations (Prevention of Unfair Means) Amendment Bill,2026, പാർലമെന്റിന്റെ ഇരുസഭകളും പാസാക്കി. പൊതുപരീക്ഷാ സംവിധാനത്തിന്റെ സത്യസന്ധതയും വിശ്വാസ്യതയും ശക്തിപ്പെടുത്തുകയെന്നതാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം.

The Prevention of Insults to National Honour (Amendment) Bill, 2026, The Registration of Births and Deaths (Amendment) Bill, 2026, The Micro, Small and Medium Enterprises Development (Amendment) Bill, 2026, The Bankers Books Evidence Bill, 2026, The Kerala (Alteration of Name) Bill, 2026, The National Co-operative Development Corporation (Amendment) Bill, 2026, The Tribunals Reforms Bill, 2026, The Mines and Minerals (Development and Regulation) Amendment Bill, 2026 എന്നീ ബില്ലുകളും മൺസൂൺ സമ്മേളനത്തിൽ പാർലമെന്റിന്റെ ഇരു സഭകളും പാസാക്കി.




# കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസ്

69-ാമത് കോമൺവെൽത്ത് പാർലമെന്ററി കോൺഫറൻസ് ദക്ഷിണാഫ്രിക്കയിലെ കേപ് ടൗണിലെ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 2026 സെപ്തംബർ 13 മുതൽ 18 വരെ സംഘടിപ്പിച്ചു. കോമൺവെൽത്ത് പാർലമെന്ററി അസോസിയേഷൻ കേരളഘടകത്തെ പ്രതിനിധീകരിച്ച് സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മേളനത്തിൽ പങ്കെടുത്തു.

കോമൺവെൽത്തിൽ അംഗമായ 180 ബ്രാഞ്ചുകളെ പ്രതിനിധീകരിച്ച് വിവിധ രാഷ്ട്രങ്ങളിലെ പാർലമെന്റ് സ്പീക്കർമാർ, സംസ്ഥാന/പ്രവിശ്യാ നിയമസഭ സ്പീക്കർമാർ, പാർലമെന്റ് അംഗങ്ങൾ, മറ്റ് പ്രതിനിധികൾ എന്നിവരുൾപ്പെടെ 800ഓളം പേർ കോൺഫറൻസിൽ പങ്കെടുത്തു.

സെപ്തംബർ 15ന് നടന്ന "Accessible Parliaments : Inclusion for People with Disabilities", 16ന് നടന്ന "Protecting Human Rights and Promoting Peace: The Role of Parliaments" എന്നീ വിഷയങ്ങളിന്മേലുള്ള ശില്പശാലയിലും സ്പീക്കർ പങ്കെടുത്തു. ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലും മനുഷ്യാവകാശ സംരക്ഷണ രംഗത്തും കേരളനിയമസഭ സൃഷ്ടിച്ച മാതൃകകൾ അദ്ദേഹം വിശദീകരിച്ചു. സെപ്തംബർ 17ന് ജനറൽ അസംബ്ലിയിൽ "New Leadership opportunities for the Common Wealth : Parliamentary action to strengthen Democracy and International Law" എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ച സംഘടിപ്പിച്ചു. മാറുന്ന ലോകക്രമത്തിന് അനുസൃതമായി പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ കോമൺ വെൽത്ത് രാജ്യങ്ങൾ മാതൃകയാകേണ്ടതിന്റെ പ്രാധാന്യം യോഗത്തിൽ ചർച്ച ചെയ്തു.

10-ാമത് കോമൺവെൽത്ത് വിമൻ പാർലമെന്റേറിയൻസ് (CWP) കോൺഫറൻസും ഇതോടൊപ്പം സംഘടിപ്പിച്ചു. കോമൺവെൽത്ത് രാജ്യങ്ങളിലെ നിയമനിർമ്മാണ സഭകളിൽ വനിതാ പ്രാതിനിധ്യം പ്രോത്സാഹിപ്പിക്കുകയും രാഷ്ട്രീയ രംഗത്തും പാർലമെന്ററി രംഗത്തും വനിതകളുടെ തുല്യപങ്കാളിത്തം ഉറപ്പു വരുത്തുകയുമാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം.



# മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളെ സ്വത്തിൽ നിന്നും ഒഴിപ്പിക്കാം: അധികാരം ട്രൈബ്യൂണലുകൾക്ക് കൈമാറി സുപ്രീംകോടതി

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണമുറപ്പാക്കാൻ മക്കളെ പൈതൃകമായ സ്വത്തിൽ നിന്ന് ഒഴിപ്പിക്കാൻ ആവശ്യമെങ്കിൽ വയോജന ട്രൈബ്യൂണലുകൾക്ക് അധികാരമുണ്ടെന്ന് സുപ്രീം കോടതി വിധി. വാർധക്യത്തിൽ അവഗണന, അരക്ഷിതാവസ്ഥ, അപമാനം എന്നിവയുണ്ടാവുന്നത് ഒഴിവാക്കാനാണ് 2007ൽ 'Maintanance and Welfare of Parents and Senior Citizens Act' കൊണ്ടുവന്നതെന്നും അന്തസ്സോടെ ജീവിക്കാനുള്ള മൗലികാവകാശം അടക്കമുള്ള ഭരണഘടനാ തത്വങ്ങൾ പരിഗണിച്ചുവേണം നിയമത്തെ വ്യാഖ്യാനിക്കേണ്ടതെന്നും മുതിർന്നവർക്ക് സമൂഹം നൽകുന്ന അന്തസ്സും ബഹുമാനവും സുരക്ഷയുമാണ് ഒരു പരിഷ്കൃത സമൂഹത്തിന്റെ യഥാർത്ഥ അളവുകോലെന്നും സുപ്രീം കോടതി വ്യക്തമാക്കി. മാതാപിതാക്കളെ വെറും ആശ്രിതരായി കാണാനാകില്ലെന്നും അവർ കുടുംബത്തിന്റെയും സമൂഹത്തിന്റെയും വിലമതിക്കാനാവാത്ത അനുഭവസമ്പത്താണെന്നും കോടതി ഓർമ്മിപ്പിച്ചു. ഉത്തർപ്രദേശ് സ്വദേശിയായ രവികാന്ത് ഗുപ്ത തന്റെ 81 വയസ്സുള്ള മാതാവിന്റെ സംരക്ഷണത്തിനായി സ്വന്തം മകനുമായി നടത്തിയ കേസിലാണ് സുപ്രീം കോടതിയുടെ സുപ്രധാന ഉത്തരവ്.

രവികാന്തിന്റെ മകനും ഭാര്യയും അദ്ദേഹത്തിന്റെ മാതാവിനെ വീട്ടിൽ നിന്ന് ഇറക്കിവിടുകയും വൃദ്ധസദനത്തിൽ കഴിയാൻ നിർബന്ധിതയാക്കുകയും ചെയ്തതിനെതിരെ സബ് ഡിവിഷണൽ മജിസ്ട്രേട്ടും ജില്ലാ മജിസ്ട്രേട്ടും ഒഴിപ്പിക്കൽ ഉത്തരവിട്ടിരുന്നുവെങ്കിലും, ഈ ഉത്തരവ് അലഹബാദ് ഹൈക്കോടതി റദ്ദാക്കിയതോടെയാണ് രവികാന്ത് സുപ്രീം കോടതിയെ സമീപിച്ചത്. സുപ്രീം കോടതി അലഹബാദ് ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കുകയും മകനെയും കുടുംബത്തെയും വീട്ടിൽ നിന്ന് ഇറക്കിവിടാൻ അനുമതി നൽകുകയും ചെയ്തു.



# കേരളം ഇനി ഔദ്യോഗികമായും

# കേരളം

കേരള സംസ്ഥാനത്തിന്റെ പേര് ഔദ്യോഗികമായി 'കേരളം' എന്നാക്കുന്നതിനുള്ള നിയമം 2026 ആഗസ്റ്റ് 25 മുതൽ പ്രാബല്യത്തിലാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനമിറക്കി. മലയാളത്തിൽ 'കേരളം' എന്നാണ് ഉപയോഗിക്കുന്നതെങ്കിലും ഭരണഘടനയുടെ ഒന്നാം ഷെഡ്യൂളിൽ സംസ്ഥാനത്തിന്റെ പേര് 'കേരള' എന്നാണ്. ഇത് 'കേരളം' എന്നാക്കണമെന്നാവശ്യപ്പെട്ട് 2024 ജൂണിൽ കേരളനിയമസഭ പ്രമേയം പാസ്സാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമം വരുന്നത്.

ഭരണഘടനയുടെ അനുച്ഛേദം 3 അനുസരിച്ച് ഭരണഘടനയുടെ ഒന്നാം പട്ടികയിൽ 'കേരള' (Kerala) എന്ന സംസ്ഥാനത്തിന്റെ പേര് 'കേരളം (Keralam) എന്നാക്കി ഭേദഗതി വരുത്തുന്നതിനായുള്ള കേരള (ഓൾട്ടറേഷൻ ഓഫ് നെയിം) ബിൽ, 2026 രാഷ്ട്രപതി കേരള നിയമസഭയ്ക്ക് റഫർ ചെയ്യുകയും 2026 ജൂലൈ 1ന് ബിൽ കേരള നിയമസഭ പരിഗണിക്കുകയും സഭയുടെ ഏകകണ്ഠമായ യോജിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. തുടർന്ന് രാഷ്ട്രപതിയുടെ ശിപാർശയോടെ ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. ഈ ബിൽ 2026 ആഗസ്റ്റ് 11ന് ലോക്സഭയും 12ന് രാജ്യസഭയും പാസ്സാക്കുകയും രാഷ്ട്രപതിയുടെ അംഗീകാരത്തോടെ ആഗസ്റ്റ് 14ന് നിയമമാവുകയും ആഗസ്റ്റ് 25ന് നിയമം പ്രാബല്യത്തിലാക്കി വിജ്ഞാപനമിറങ്ങുകയും ചെയ്തു.

ഇതു പ്രകാരം നിയമപരമായ നടപടികളിലും ഔദ്യോഗിക രേഖകളിലും 'സ്റ്റേറ്റ് ഓഫ് കേരള' എന്നത് 'സ്റ്റേറ്റ് ഓഫ് കേരളം' എന്നായി മാറുന്നതാണ്.

# പതിനാറാം കേരളനിയമസഭ : രണ്ടാം സമ്മേളനം



പതിനാറാം കേരളനിയമസഭയുടെ രണ്ടാം സമ്മേളനം 2026 ഒക്ടോബർ 12-ന് ആരംഭിച്ച് ഒക്ടോബർ 29-ന് അവസാനിക്കും. ആകെ 9 സിറ്റിംഗുകളാണ് സമ്മേളനത്തിനായി നിശ്ചയിച്ചിട്ടുള്ളത്. 2026 ഒക്ടോബർ 19 മുതൽ 23 വരെ സഭ ചേരുന്നതല്ല. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും മുൻ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ധനവിനിയോഗ ബില്ലുകൾ പാസ്സാക്കുന്നതും ഉൾപ്പെടെയുള്ള ഗവൺമെന്റ് കാര്യങ്ങൾക്കായി 8 ദിവസവും അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കായി ഒരു ദിവസവുമാണ് നീക്കിവച്ചിട്ടുള്ളത്.

## വിജ്ഞാനപഥം

1) ഇന്ത്യൻ പാർലമെന്റിലെ ആദ്യത്തെയും പഴയതുമായ കമ്മിറ്റി ?

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (1921ൽ രൂപീകൃതമായി)

2) ഇന്ത്യൻ ഭരണഘടനയുടെ ഏത് ആർട്ടിക്കിളിലാണ് പാർലമെന്ററി കമ്മിറ്റികളുടെ അധികാരങ്ങളെയും അവകാശങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നത് ?

ആർട്ടിക്കിൾ 105

3) ഏറ്റവും കൂടുതൽ അംഗങ്ങളുള്ള പാർലമെന്ററി കമ്മിറ്റി ?

എസ്റ്റിമേറ്റ്സ് കമ്മിറ്റി (30 അംഗങ്ങൾ)

4) ഇന്ത്യൻ പാർലമെന്ററി കമ്മിറ്റികളുടെ അംഗങ്ങളുടെ കാലാവധി എത്ര വർഷമാണ് ?

ഒരു വർഷം

5) രാജ്യസഭാ അംഗങ്ങൾക്ക് പ്രാതിനിധ്യമില്ലാത്ത പാർലമെന്ററി കമ്മിറ്റി ?

എസ്റ്റിമേറ്റ്സ് കമ്മിറ്റി (30 അംഗങ്ങളും ലോക്സഭയിൽ നിന്നുള്ളവരാണ്)

6) ഇന്ത്യൻ പാർലമെന്റിലെ കമ്മിറ്റികളിൽ ഏറ്റവും കുറവ് അംഗങ്ങളുള്ളത്?

ലൈബ്രറി കമ്മിറ്റി (9 അംഗങ്ങൾ)

7) വിവിധ മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളും ബജറ്റ് ഗ്രാന്റുകളും സൂക്ഷ്മമായി പരിശോധിക്കുന്നതിനായി ഇന്ത്യൻ പാർലമെന്റിൽ എത്ര സ്ഥിരം കമ്മിറ്റികളാണ് പ്രവർത്തിക്കുന്നത് ?

24 വകുപ്പ് തിരിച്ചുള്ള സ്ഥിരം കമ്മിറ്റികൾ

8) വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി സബ്ജക്ട് കമ്മിറ്റികൾ രൂപീകരിച്ച ആദ്യ നിയമസഭ ?

കേരള നിയമസഭ

9) കേരളത്തിൽ മന്ത്രിമാർ അധ്യക്ഷന്മാരാകുന്ന നിയമസഭാ കമ്മിറ്റികൾ?

സബ്ജക്ട് കമ്മിറ്റികൾ

10) ഏതെങ്കിലുമൊരു സംസ്ഥാനത്തിൽ നിന്നുള്ള പ്രവാസികളുടെ ക്ഷേമത്തിനായി പ്രത്യേകമായി ഒരു കമ്മിറ്റി രൂപീകരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം ?

കേരളം



# ജി. കാർത്തികേയൻ ആദർശധീരതയുടെ രാഷ്ട്രീയം

കേരളത്തിലെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിധ്യമായിരുന്നു മുൻ മന്ത്രിയും സ്പീക്കറുമായിരുന്ന ജി. കാർത്തികേയൻ. ആറ് തവണ നിയമസഭാംഗമായും രണ്ടു തവണ മന്ത്രിയായും പ്രവർത്തിച്ച അദ്ദേഹം ജനാധിപത്യമൂല്യങ്ങളും പാർലമെന്ററി മര്യാദകളും ഉയർത്തിപ്പിടിച്ച സഭാധ്യക്ഷനായിരുന്നു. ആദർശധീരനായ ഒരു രാഷ്ട്രീയ നേതാവും കഴിവുറ്റ ഒരു ഭരണാധികാരിയും ആയിരുന്ന അദ്ദേഹം അർപ്പണബോധവും നിഷ്പക്ഷതയും നേതൃത്വമികവും കൊണ്ട് ശ്രദ്ധ നേടി. ഏഴാം കേരള നിയമസഭയിൽ തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ നിന്നും തുടർന്ന് ആര്യനാട് മണ്ഡലത്തിൽ നിന്ന് ഒമ്പത്, പത്ത്, പതിനൊന്ന്, പന്ത്രണ്ട് കേരള നിയമസഭകളിലേക്കും അരുവിക്കര മണ്ഡലത്തിൽ നിന്ന് പതിമൂന്നാം കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ടു. നിയമസഭാ സ്പീക്കർ ആയിരിക്കെ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ഒരുപോലെ പരിഗണനയും അവസരവും ഉറപ്പാക്കിക്കൊണ്ട് സഭയുടെ ചട്ടങ്ങളും കീഴ്വഴക്കങ്ങളും പാലിച്ച് സഭാ നടപടികൾ നിയന്ത്രിക്കുന്നതിൽ പ്രത്യേക ശ്രദ്ധ പുലർത്തി.

എൻ. പി. ഗോപാലപിള്ളയുടെയും എൽ. വനജാക്ഷി അമ്മയുടെയും മകനായി 1949 ജനുവരി 20ന് തിരുവനന്തപുരം ജില്ലയിലെ വർക്കലയിൽ ജനിച്ച ജി. കാർത്തികേയൻ വിദ്യാർത്ഥി പ്രസ്ഥാനമായ കെ.എസ്.യു.വിലൂടെയാണ് രാഷ്ട്രീയ രംഗത്തെത്തിയത്. സാമ്പത്തിക ശാസ്ത്രത്തിലും നിയമത്തിലും ബിരുദം നേടിയ അദ്ദേഹം കേരള സർവ്വകലാശാല സെനറ്റിലെ വിദ്യാർത്ഥി അംഗമായും, കേരള സർവ്വകലാശാല യൂണിയൻ സെക്രട്ടറി, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കെ.എസ്.യു.വിന്റെ യൂണിറ്റ് പ്രസിഡന്റ് സ്ഥാനം മുതൽ സംസ്ഥാന പ്രസിഡന്റ് സ്ഥാനം വരെയുള്ള വിവിധ ഉത്തരവാദിത്തങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്.

കേരള നിയമസഭാ പൊതു തെരഞ്ഞെടുപ്പിൽ 1980 ൽ വർക്കല മണ്ഡലത്തിൽ നിന്ന് മത്സരിച്ചെങ്കിലും വിജയിച്ചിരുന്നില്ല. തുടർന്ന് 1982ലെ നിയമസഭാ പൊതു തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം നോർത്ത് മണ്ഡലത്തിൽ നിന്ന് വിജയിച്ചാണ് ആദ്യമായി നിയമസഭാംഗമാകുന്നത്. ഒമ്പതാം കേരള നിയമസഭയിൽ നാല് വർഷം കോൺഗ്രസ്



നിയമസഭാ കക്ഷി ചീഫ് വിപ്പ് ആയും ഒരു വർഷം കോൺഗ്രസ് ഉപനേതാവായും 1995 ഏപ്രിൽ 20 മുതൽ 1996 മേയ് 9 വരെ വൈദ്യുതി വകുപ്പു മന്ത്രിയായും പതിനൊന്നാം കേരള നിയമസഭ യിൽ 2001 മേയ് 26 മുതൽ 2004 ആഗസ്റ്റ് 29 വരെ ഭക്ഷ്യവും പൊതുവിതരണവും ദേവസ്വവും സാംസ്കാരികവും വകുപ്പുമന്ത്രി യായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ പത്ത്, പന്ത്രണ്ട് കേരള നിയമസഭകളിൽ കോൺഗ്രസ് നിയമസഭാകക്ഷി ഉപനേതാവായി രുന്ന അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസി ഡന്റ് എ.ഐ.സി.സി. അംഗം എന്നീ നിലകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2011 ജൂൺ 2ാം തീയതി പതിമൂന്നാം കേരള നിയമസഭ യുടെ സ്പീക്കറായി തെരഞ്ഞെടു ക്കപ്പെട്ട ജി. കാർത്തികേയൻ കേരള നിയമസഭ സ്പീക്കർ എന്ന നിലയിൽ നിയമസഭയുടെ നടപടി ക്രമങ്ങളിൽ നവീനമായ ഒട്ടനേകം പരിഷ്കാരങ്ങൾ നടപ്പിലാക്കുക യുണ്ടായി. സഭാ സമ്മേളനം ആരം ഭിക്കുന്ന ദിവസവും അവസാനി ക്കുന്ന ദിവസവും ദേശീയഗാനം ആലപിക്കുന്ന രീതി നടപ്പിലാക്കി യതോടൊപ്പം സഭാ നടപടികൾ പൂർണ്ണമായി വെബ്കാസ്റ്റ് ചെയ്യുന്ന സമ്പ്രദായവും ആരം ഭിച്ചു. സഭയ്ക്കുള്ളിൽ പ്രസംഗ ത്തിന് ലാപ്ടോപ്പും ഐപാഡും ഉപയോഗിക്കാൻ സഭാംഗങ്ങൾക്ക് അനുമതി നൽകി. പുസ്തകങ്ങ ളെയും വായനയെയും ഇഷ്ടപ്പെട്ടി രുന്ന അദ്ദേഹം സഭാംഗങ്ങൾക്ക് പുസ്തകങ്ങൾ വാങ്ങിക്കുവാൻ പ്രതിവർഷം 15,000 രൂപ അനുവദി ക്കുകയും ചെയ്തു. നിയമ നിർമ്മാണ സഭയുടെ 125ാം വാർഷികാഘോഷം ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടിക ളോടെ സംഘടിപ്പിക്കുന്നതിന് അദ്ദേഹം നേതൃത്വം നൽകി. പ്രസ്തുത ആഘോഷങ്ങളുടെ ഭാഗമായി രാഷ്ട്രപതിയും ഉപ രാഷ്ട്രപതിയും നിയമസഭയെ അഭിസംബോധന ചെയ്യുകയും കേന്ദ്രസർക്കാർ ഒരു അനുസ്മ രണ തപാൽ സ്റ്റാമ്പ് പുറപ്പെടു വിക്കുകയും ചെയ്തു. 125 വർഷ ങ്ങളുടെ പ്രതീകമായി നിയമസഭാ വളപ്പിൽ 125 വൃക്ഷത്തൈകൾ



നടുകയും ചെയ്തു. നിയമസഭാ സാമാജികർക്കും ജീവന ക്കാർക്കും പരിശീലനം നൽകു ന്നതിനായി ആരംഭിച്ച 'സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ്' വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വിദൂര പഠന രീതിയിൽ ആറ് മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് രാജ്യത്ത് ആദ്യമായി കേരള നിയമസഭയിൽ ആരംഭിച്ചു. സഭാ സമ്മേളന വേളകളിൽ നിയമസഭാ ഹാളിൽ നിന്നും വാച്ച് ആന്റ് വാർഡിനെ പിൻവലിക്കാനുള്ള തീരുമാനം സഭാ ചരിത്രത്തിലെ ശ്രദ്ധേയമായ ഒന്നായിരുന്നു. സഭയിലെ നടപടി ക്രമങ്ങളും ചട്ടങ്ങളും കൃത്യമായി പാലിച്ചുകൊണ്ട് സഭയെ നയിച്ച അദ്ദേഹം പ്രതിപക്ഷാംഗങ്ങളു ടെയും വിശ്വാസവും ആദരവും നേടിയെടുത്തു. സൗമ്യമായ ഇടപെടലും ആത്മാർത്ഥമായ പ്രവർത്തനവും അദ്ദേഹത്തിന്റെ കർമ്മവീഥിയിലെ പ്രത്യേകത കളായിരുന്നു.

പതിമൂന്നാം കേരള നിയമസഭയിൽ സ്പീക്കറായി രിക്കെ 2015 മാർച്ച് 7ന് അന്തരിച്ച അദ്ദേഹത്തിന് 2015 മാർച്ച് 9ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. നിയമസഭ സമ്മേള നത്തിലിരിക്കെ മരണമടഞ്ഞ ആദ്യത്തെ സ്പീക്കറായിരുന്നു ജി. കാർത്തികേയൻ. ഡോ. എം. റ്റി. സുലേഖയാണ് ഭാര്യ. മുൻ എം.എൽ.എ. കെ. എസ്. ശബരീനാഥൻ ഉൾപ്പെടെ രണ്ട് മക്കൾ.









# ഗവൺമെന്റിന് പ്രവാസി മലയാളികളോട് ബാധ്യതയും കടപ്പാടും ഉണ്ടാകണം : ജെയിംസ് മാത്യു

*പതിമൂന്നാം കേരളനിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 2015 ഡിസംബർ 8ന് 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ അവതരണ വേളയിലെ ചർച്ചയിൽ പങ്കെടുത്ത് ജെയിംസ് മാത്യു നടത്തിയ പ്രസംഗത്തിന്റെ പ്രസക്ത ഭാഗങ്ങൾ*

സർ, 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31.12.2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നോർക്ക വകുപ്പിന്റെ ചുമതലയുള്ള ബഹുമാന്യനായ മന്ത്രി കേരളത്തിലെ പ്രവാസികളെ മുൻനിർത്തി വളരെയേറെ താത്പര്യത്തോടുകൂടിയാണ് ഇത്തരത്തിലൊരു കമ്മീഷൻ രൂപപ്പെടുത്തുന്നതിനുള്ള ബിൽ അവതരിപ്പിക്കുന്നതെന്ന് ഞാൻ കരുതുകയാണ്. മാതൃഭാഷയോട് നമുക്ക് ഏത് വിധത്തിലാണോ കടപ്പാടും ബാധ്യതയുമുള്ളത് അതുപോലെ തന്നെയാണ് പ്രവാസി മലയാളികളുടെ കാര്യത്തിലും നമുക്കുള്ളത്. ഒരുപക്ഷേ ഈ സംസ്ഥാനം നാമിന്ന് ജീവിക്കുന്ന വിധത്തിലാക്കി തീർക്കുന്നതിന് നമ്മുടെ പ്രവാസികളായ സഹോദരങ്ങളുടെ കണ്ണീരും വിയർപ്പുമാണ് കാരണമായിട്ടുള്ളതെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാവില്ല. ജീവിതത്തിലെ നല്ല കാലം മുഴുവനും വിദേശത്ത് തൊഴിലെടുത്തതിനുശേഷം സ്വന്തം കുടുംബാംഗങ്ങളോടൊപ്പം വാർദ്ധക്യം ചെലവഴിക്കാൻ മടങ്ങിയെത്തുന്ന പ്രവാസികൾക്ക് പലപ്പോഴും അനുഭവിക്കേണ്ടി വരുന്നത് വളരെ തിക്തമായ കാര്യങ്ങളാണ്. പ്രവാസികളെകുറിച്ച് പറയുമ്പോൾ പൊതുവേ സമ്പന്നരായ പ്രവാസികളാണ് പലപ്പോഴും മനസ്സിൽ വരുന്നത്. പണ്ട് സിംഗപ്പൂരിലോ മലേഷ്യയിലോ അല്ലെങ്കിൽ ഗൾഫ് നാടുകളിലോ ബ്രിട്ടനിലോ അമേരിക്കയിലോ പോയി കോടിക്കണക്കിന് സമ്പാദ്യവുമായി തിരിച്ചുവന്ന ചുരുക്കം ആളുകളുടെ മണിമന്ദിരങ്ങളും അവരുടെ വിലപിടിപ്പുള്ള കാറുകളും ജീവിതസാഹചര്യവുമാണ് ഒരു ശരാശരി മലയാളിക്ക് പ്രവാസിയെന്ന് കേൾക്കുമ്പോൾ പെട്ടെന്ന് മനസ്സിൽ തോന്നുക. അക്ഷരാർത്ഥത്തിൽ പ്രവാസിജീവിതം എന്താണെന്ന് പ്രതിപാദിക്കുന്ന ഒരുപാട് ലേഖനങ്ങളും കഥകളും കവിതകളും 'ആടുജീവിതം' പോലെയുള്ള നോവലുമൊക്കെ വന്നിട്ടുണ്ട്. നോർക്ക രൂപീകരിച്ചുകൊണ്ട് 1996 മുതൽ ഗവൺമെന്റ് നടത്തുന്ന നല്ല ശ്രമങ്ങൾ വലിയൊരളവോളം ഇത്തരം കാര്യങ്ങൾ ജനങ്ങളുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും പരിഹരിക്കുന്നതിനുള്ള ഇടപെടലുണ്ടാകുന്നതിനും കാരണമായിട്ടുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആഗോള പ്രവാസിസമ്മേളനത്തിന്റെ തുടർച്ചയെന്നോണം ഇങ്ങനെയൊരു കമ്മീഷൻ രൂപീകരിക്കുന്നതിനെ കുറിച്ച് ഗവൺമെന്റ് ആലോചിച്ചതും സ്വാഗതാർഹം തന്നെയാണ്. ഈ ബിൽ കൊണ്ടുവരുന്നതിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് പ്രവാസികൾക്ക് അക്ഷരാർത്ഥത്തിൽ പ്രയോജനം സിദ്ധിക്കണമെന്ന് തന്നെയാണെന്ന് ഞാൻ കരുതുകയാണ്. അവർക്ക് ആത്മാർത്ഥമായ പ്രയോജനം ലഭിക്കണമെങ്കിൽ ഈ ബില്ലിൽ വലിയ മാറ്റം വരുത്തേണ്ടതുണ്ടെന്ന് വിനയപൂർവ്വം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

പഞ്ചാബിൽ സമാനമായൊരു കമ്മീഷൻ ഉണ്ടെന്നും ആ കമ്മീഷൻ വളരെ ഫലപ്രദ



മായി അവിടത്തെ പ്രവാസിക
ളുടെ കാര്യത്തിലിടപെടുകയും
അതുമൂലം വളരെയേറെ ഗുണം
അവർക്ക് ലഭിക്കുന്നുണ്ടെന്നും
ബഹുമാന്യനായ ആഭ്യന്തര
വകുപ്പുമന്ത്രി പറയുകയുണ്ടായി.
പൈലറ്റ് ചെയ്തിരിക്കുന്ന
ഈ ബില്ലിന്റെ ഉള്ളടക്കവും
പഞ്ചാബിൽ നിലവിലുള്ള കമ്മീ
ഷന്റെ പ്രവർത്തനവും താരതമ്യ
പ്പെടുത്തിയാണോ ബഹുമാന്യ
നായ ആഭ്യന്തര വകുപ്പുമന്ത്രി
ഇത്തരമൊരു അഭിപ്രായം പ്രകടി
പ്പിച്ചതെന്ന് എനിക്ക് സംശയ
മുണ്ട്. കാരണം ഈ ബിൽ
പാസ്സായി ഒരു കമ്മീഷൻ നില
വിൽ വന്നാൽ അതുകൊണ്ട്
ലഭിക്കാനിടയുള്ള നേട്ടത്തെക്കു
റിച്ച് ബഹുമാന്യനായ നോർക്ക
വകുപ്പുമന്ത്രി ഇവിടെ സൂചി
പ്പിച്ചു. പക്ഷേ അങ്ങനെയൊരു
നേട്ടമുണ്ടാക്കാൻ സാധിക്കുന്ന
കമ്മീഷനാണോ ഇതെന്നുള്ളത്
അങ്ങ് ഗൗരവപൂർവ്വം പരിശോ
ധിക്കണമെന്ന് ഞാൻ അഭ്യർത്ഥി
ക്കുകയാണ്.

ഞാൻ പറഞ്ഞുവരുമ്പോൾ
എല്ലാവർക്കുമത് ബോദ്ധ്യമാകും.
100 മലയാളി കുടുംബങ്ങളെടു
ത്താൽ അതിൽ 30 കുടുംബ
ങ്ങൾക്കും പ്രവാസി ബന്ധമുണ്ട്.
ഒന്നുകിൽ ആ കുടുംബത്തിലെ
അംഗം നേരിട്ട് വിദേശത്ത്
ജോലി ചെയ്യുകയോ അല്ലെങ്കിൽ
അവരെ ആശ്രയിച്ചോ ജീവി
ക്കുന്നു. 50 ലക്ഷത്തിലധികം
ആളുകൾ പ്രത്യക്ഷവും പരോക്ഷ
വുമായി പ്രവാസികളുടെ വരുമാ
നത്തെയാണ് ആശ്രയിക്കുന്നത്.
ആഗോള സാമ്പത്തിക തകർച്ചയു
ണ്ടായ ഘട്ടത്തിൽ കേരളത്തിൽ
നിന്നും വിദേശത്തുപോയ
സഹോദരങ്ങൾ വലിയ പ്രയാസം
അവിടെ അനുഭവിച്ചു. ലോക
മാകെ നേരിട്ട സാമ്പത്തിക പ്രതി
സന്ധി കേരളത്തിൽ ഒരല്പം
പോലും അനുഭവപ്പെട്ടില്ലെങ്കിൽ
അതിന് നാം പൂർണ്ണമായും കട
പ്പെട്ടിരിക്കുന്നത് പ്രവാസികളോ
ടാണ്. അവർ വലിയതോതിൽ
കഷ്ടപ്പാടും ഞെരുക്കവും അനു
വിച്ച് ചെയ്തുവന്ന ജോലി കൂടു
തൽ ഭാരത്തോടുകൂടി, അതിന്റെ
കാൽഭാഗം വേതനത്തിനു വേണ്ടി
വീണ്ടും ചെയ്യുകയാണ്.
ഇന്നൊരു തൊഴിലാളിക്ക് ഗൾഫ്
രാജ്യങ്ങളിൽ ലഭിക്കുന്നത് ശരാ
ശരി 17,000 രൂപയ്ക്ക് തുല്യമായ
വിദേശ നാണ്യമാണ്. ഈ തുക
യ്ക്ക് ജോലി ചെയ്യാൻ എന്തു
കൊണ്ടാണ് അവിടെ പോകു
ന്നത്? 500 രൂപയ്ക്ക് ദിവസക്കൂ
ലിയിൽ ഇവിടെ ജോലി ചെയ്യാൻ
അവസരമുള്ള ആളുകൾ, അല്ലെ
ങ്കിൽ 700-1000 രൂപയ്ക്ക് ദിവസ
ക്കൂലിക്ക് ജോലി ചെയ്യാൻ കഴി
യുന്നവർ എന്തുകൊണ്ടാണ്
17,000-വും 20,000-വും രൂപയ്ക്ക്
വിദേശത്തുപോയി തൊഴിലെടു
ക്കുന്നതെന്ന് പരിശോധിക്കണം.
വളരെ കൃത്യമായി പരിശോധി
ച്ചാൽ നമ്മുടെ സാമൂഹ്യജീവിത
ത്തിന്റെ ഒരുയർച്ചയുണ്ട്. ആ
സാഹചര്യത്തിനനുസരിച്ച്
ഇവിടെ ജീവിക്കാൻ ഒരു മലയാ
ളിക്ക് ദിവസം 1,000 രൂപ കിട്ടി
യാൽ സാധിക്കില്ല. എന്നാൽ
വിദേശത്തുപോയി അതിന്റെ
പകുതി തുക കിട്ടിയാൽ അവൻ
ജീവിക്കാതെ ബാക്കി വയ്ക്കുക
യാണ്. ജീവിക്കാതെ എന്നു
പറഞ്ഞാൽ, അക്ഷരാർത്ഥത്തിൽ
പ്രവാസി മലയാളികളിൽ 58%
ത്തോളം വരുന്നസാധാരണ
തൊഴിലാളികൾ, അന്യസംസ്ഥാ
നത്തുനിന്നും കേരളത്തിൽ വന്ന്
തൊഴിലെടുക്കുന്ന ആളുകളേ
ക്കാൾ പരിതാപകരമായ അന്തരീ
ക്ഷത്തിൽ അവിടെ പോയി
തൊഴിലെടുത്ത് മിച്ചംവയ്ക്കുന്ന
ചില്ലിക്കാശാണ് നമുക്കയച്ചു
തന്ന് നമ്മളെ സുഖലോലുപരാ
ക്കുന്നതെന്ന കാര്യം മറക്കരുത്.
തീർച്ചയായും ആ പ്രവാസികളെ
സംബന്ധിച്ചുള്ള ഗവൺമെന്റിന്റെ
താല്പര്യം അങ്ങേയറ്റം ഗൗരവ
പൂർവ്വം കാണാൻ ജനങ്ങൾ
തയ്യാറാകും, പ്രവാസികൾ
തയ്യാറാകും. പക്ഷേ ഈ പദ്ധതി
കളെല്ലാം നമ്മൾ ആവിഷ്ക്കരി
ക്കുമ്പോൾ അതുകൊണ്ട് പ്ര
യോജനം സിദ്ധിക്കുന്നുണ്ടോ
എന്നുകൂടി പരിശോധിക്കണം.

**ജെയിംസ് മാത്യു**
പതിമൂന്ന്, പതിനാല് കേരളനിയമസഭകളിൽ
തളിപ്പറമ്പ് മണ്ഡലത്തിൽ നിന്നുള്ള
സി.പി.ഐ.(എം) പ്രതിനിധിയായിരുന്ന
അദ്ദേഹം കേരളനിയമസഭയുടെ ഹൗസ്
കമ്മിറ്റി ചെയർമാൻ, എസ്. എഫ്. ഐ
കണ്ണൂർ ജില്ലാ പ്രസിഡന്റ്, സെക്രട്ടറി,
സംസ്ഥാന പ്രസിഡന്റ്, ദേശീയ ജോയിന്റ്
സെക്രട്ടറി എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.
സി.പി.ഐ(എം) ശ്രീകണ്ഠപുരം ഏരിയാ
കമ്മിറ്റി സെക്രട്ടറി, കണ്ണൂർ ജില്ലാ കമ്മിറ്റി
അംഗം, ജില്ലാ സെക്രട്ടേറിയറ്റ് അംഗം
കാലിക്കറ്റ് സർവകലാശാല സെനറ്റ്, കണ്ണൂർ
സർവകലാശാല സിൻഡിക്കേറ്റ്, കണ്ണൂർ
ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി
അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

# ജോസ് കുറ്റ്യാനി



മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായ അഡ്വ. ജോസ് കുറ്റ്യാനി (87) 2026 സെപ്റ്റംബർ 7ന് അന്തരിച്ചു. ആറ്, ഏഴ് കേരള നിയമസഭകളിൽ ഇടുക്കി മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു.

കോൺഗ്രസിന്റെ ഇടുക്കി ജില്ലാ പ്രസിഡന്റായിരുന്ന അദ്ദേഹം വിദ്യാർഥി രാഷ്ട്രീയത്തിലൂടെയാണ് പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. കെ.എസ്.യു. രൂപീകരണത്തിന് മുമ്പ് പ്രവർത്തിച്ചിരുന്ന വിദ്യാർഥി കോൺഗ്രസിന്റെ ഭാരവാഹിയായിരുന്ന അദ്ദേഹം വിമോചന സമരത്തിൽ പങ്കെടുത്ത് തടവുശിക്ഷ അനുഭവിച്ചിട്ടുണ്ട്. ഒരണയ്ക്ക് ബോട്ട് യാത്ര ചെയ്യാനുള്ള സൗകര്യം പുനഃസ്ഥാപിക്കാൻ വേണ്ടി കെ.എസ്.യുവിന്റെ നേതൃത്വത്തിൽ നടന്ന ഒരണ സമരത്തിലും അദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

മുഖ്യമന്ത്രി കെ. കരുണാകരനെതിരായ അവിശ്വാസ പ്രമേയത്തെ പിന്തുണച്ചതിനെത്തുടർന്ന് 1983ൽ കോൺഗ്രസിൽ നിന്ന് പുറത്താവുകയും പ്രത്യേക പാർട്ടി രൂപവൽക്കരിക്കുകയും ചെയ്തുവെങ്കിലും പിന്നീട് കോൺഗ്രസിൽ തിരിച്ചെത്തി. ഇടുക്കി ജില്ല രൂപവത്കൃതമായ 1972 മുതൽ 1981 വരെ ഡി.സി.സി. പ്രസിഡന്റായിരുന്നു. എ.ഐ.സി.സി. അംഗം, തൃണമൂൽ കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ്, ദേശീയ സഹകരണ ഹൗസിംഗ് ഫെഡറേഷന്റെ ഡയറക്ടർ, ചെയർമാൻ, നാഫെഡ് വൈസ് ചെയർമാൻ, കൃഷക് ഭാരതി കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (ക്രിഭ്കോ) ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ : പരേതയായ റാണി ജോസ്. ആറ് മക്കൾ

# കെ. അച്യുതൻ



മുൻ നിയമസഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ. അച്യുതൻ (76) 2026 സെപ്റ്റംബർ 07ന് അന്തരിച്ചു. പത്ത്, പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് കേരള നിയമസഭകളിൽ ചിറ്റൂർ മണ്ഡലത്തിൽ നിന്നുള്ള അംഗമായിരുന്നു.

ചിറ്റൂരിന്റെ രാഷ്ട്രീയ-സാമൂഹിക ജീവിതത്തിൽ ദീർഘകാലം നിറഞ്ഞുനിന്ന ജനകീയ സാന്നിദ്ധ്യമായിരുന്നു കെ. അച്യുതൻ കർഷക കുടുംബത്തിൽ ജനിച്ച അദ്ദേഹം കെ.എസ്.യു. വിലൂടെയാണ് സജീവ രാഷ്ട്രീയ രംഗത്തേക്ക് പ്രവേശിച്ചത്. കർഷകരുടെ പ്രശ്നങ്ങളുമായി അടുത്തിടപഴകിയും അവരുടെ വിഷയങ്ങൾ ശക്തമായി ഉന്നയിക്കുകയും ചെയ്ത അദ്ദേഹം സഹകരണമേഖലയിലും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചു. 1979 മുതൽ 1996 വരെ ചിറ്റൂർ തത്തമംഗലം നഗരസഭാ ചെയർമാനായിരുന്നു. ചിറ്റൂർ സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡന്റ്, പ്രാഥമിക കാർഷിക വികസന ബാങ്ക് പ്രസിഡന്റ്, ജില്ലാ കൗൺസിൽ അംഗം, ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. കെ.പി.സി.സി. നിർവ്വാഹക സമിതി അംഗമായിരുന്നു.

ഭാര്യ : പരേതയായ സി. കെ. സുധ. സുമേഷ് അച്യുതൻ എം.എൽ.എ. ഉൾപ്പെടെ രണ്ട് മക്കൾ.



# കെ. ആർ. ഗൗരിയമ്മ : നൂറ്റാണ്ടിന്റെ നേതാവ്

സ്വാതന്ത്ര്യാനന്തരകാലത്തെ കേരളത്തിന്റെ സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവുമായ മാറ്റത്തിന് നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുള്ള പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവും കേരള നിയമസഭയിലെ ഏറ്റവും ശ്രദ്ധേയരായ നേതാക്കളിലൊരാളുമായിരുന്നു കെ. ആർ. ഗൗരിയമ്മ. കേരളത്തിന്റെ വികസനത്തിനും സാമൂഹ്യ പരിഷ്കരണത്തിനും നിർണ്ണായകമായ വഴിത്തിരിവുകൾ സൃഷ്ടിച്ച ഒട്ടേറെ സുപ്രധാന നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകിയ കെ. ആർ. ഗൗരിയമ്മ കേരള രാഷ്ട്രീയ ചരിത്രത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച നേതാവായിരുന്നു. സാമൂഹിക പ്രതിബദ്ധതയും ദീർഘവീക്ഷണവും കൊണ്ട് കേരള രാഷ്ട്രീയത്തിൽ തന്റേതായ ഇടം നേടിയ ഗൗരിയമ്മ സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ശ്രദ്ധിക്കപ്പെട്ട വനിതാ ഭരണാധികാരികളിൽ ഒരാളുമായിരുന്നു. കർഷക-തൊഴിലാളി പ്രസ്ഥാനങ്ങളിലൂടെയും കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിലൂടെയും പൊതുരംഗത്തെത്തിയ ഗൗരിയമ്മ സ്ത്രീകൾക്ക് പൊതു രംഗത്തും നിയമനിർമ്മാണ സഭകളിലും തുല്യമായ ഇടം ഉറപ്പാക്കുന്നതിനുള്ള പോരാട്ടത്തിന്റെ പ്രതീകമായും നിലകൊണ്ടു. 1952-53, 1954-56 കാലഘട്ടത്തിൽ തിരു-കൊച്ചി നിയമസഭയിലും അഞ്ചാം കേരള നിയമസഭയിലൊഴികെ ഒന്ന് മുതൽ പതിനൊന്ന് വരെയുള്ള എല്ലാ നിയമസഭകളിലും അംഗവുമായിരുന്നു.

ആലപ്പുഴ ജില്ലയിലെ ചേർത്തലയിൽ ചാത്തനാട്ട് കെ. ആർ. രാമന്റെയും പാർവ്വതി അമ്മയുടെയും മകളായി 1919 ജൂലൈ 14ന് ജനിച്ച കെ. ആർ. ഗൗരിയമ്മ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും ബി. എ. ബിരുദവും എറണാകുളം ലോ കോളേജിൽ നിന്നും നിയമ ബിരുദവും നേടി. നിയമ ബിരുദം നേടിയ ആദ്യ വനിതകളിൽ ഒരാളായിരുന്ന ഗൗരിയമ്മ പൊതുജന സേവനത്തിന്റെ പാതയാണ് തെരഞ്ഞെടുത്തത്. ചെറുപ്പം മുതൽ തന്നെ സമൂഹത്തിലെ അനീതികൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച അവർ പിന്നീട് കമ്മ്യൂണിസ്റ്റ്

പ്രസ്ഥാനത്തിൽ സജീവമായി. സ്വാതന്ത്ര്യ സമരകാലത്ത് തൊഴിലാളി, കർഷക സമരങ്ങളിലും അവർ പങ്കെടുത്തു. 1946ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്ന ഗൗരിയമ്മ 1964ൽ കമ്മ്യൂണിസ്റ്റ് പാർട്ടി പിളർന്നപ്പോൾ സി.പി.ഐ.(എം) നോടൊപ്പം നിന്നു. 1957ലെ ആദ്യ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലും 1967ലെ സപ്തകക്ഷി മുന്നണി മന്ത്രിസഭയിലും 1980, 1987 വർഷങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭകളിലും 2001-2006 കാലയളവിലെ യു.ഡി.എഫ്. മന്ത്രിസഭയിലും അംഗമായിരുന്നു.






1957ലെ ആദ്യ മന്ത്രിസഭയിൽ റവന്യൂ, എക്സൈസ്, ദേവസ്വം വകുപ്പുകളുടെ ചുമതല വഹിച്ചത് ഗൗരിയമ്മയായിരുന്നു. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളിൽ നിർണ്ണായകമായ മാറ്റങ്ങൾക്ക് തുടക്കമിട്ട 1957-ലെ ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കൽ നിയമം, 1957-ലെ തിരു-കൊച്ചി ഭൂനികുതി നിയമം, 1957-ലെ കേരള ഭൂസംരക്ഷണ നിയമം, 1958-ലെ കേരള കോമ്പൻസേഷൻ ഫോർ ടെനന്റ്സ് ഇംപ്രൂവ്മെന്റ് ആക്ട്, 1958-ലെ സർക്കാർ ഭൂമി പതിച്ചു കൊടുക്കൽ നിയമം, 1958-ലെ കേരള വെയ്സ് ആൻഡ് മീൻസ് ആക്ട്, 1959-ലെ കേരള മുദ്രപത്രനിയമം, തുടങ്ങിയ നിയമങ്ങൾ സഭയിൽ അവതരിപ്പിച്ചത് ഗൗരിയമ്മയാണ്. 1967 ലെ രണ്ടാം ഇ.എം.എസ് മന്ത്രിസഭയിൽ റവന്യൂ, ഭക്ഷ്യം, പൊതുവിതരണം, വാണിജ്യ നികുതി, സാമൂഹ്യസുരക്ഷ, നിയമം എന്നീ വകുപ്പുകളുടെ ചുമതലയുണ്ടായിരുന്ന ഗൗരിയമ്മ ഭൂപരിഷ്കരണ ബില്ലിൽ നിർണ്ണായകമായ ഭേദഗതികൾ അവതരിപ്പിക്കുകയുണ്ടായി. ഇതേത്തുടർന്ന് ജന്മിത്തം അവസാനിപ്പിച്ച് 3.5 ദശലക്ഷം കുടിയാന്മാർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭ്യമാക്കുകയും ഒരു ലക്ഷത്തിലധികം ഏക്കർ ഭൂമി മിച്ച ഭൂമിയായി പ്രഖ്യാപിക്കുകയും ചെയ്തു. ആറ്, ഏഴ് മന്ത്രിസഭകളിൽ കൃഷി, സാമൂഹികക്ഷേമം, വ്യവസായം, വിജിലൻസ് എന്നീ വകുപ്പുകളുടെയും തുടർന്നുള്ള രണ്ട് മന്ത്രിസഭകളിൽ കൃഷി വകുപ്പിന്റെയും മന്ത്രിയായിരുന്നു. 1968-ലെ കേരള റവന്യൂ റിക്കവറി ആക്ട്, 1987-ലെ അഴിമതി നിരോധന നിയമം, 1990-ലെ വനിതാ കമ്മീഷൻ നിയമം തുടങ്ങിയവയെല്ലാം ഗൗരിയമ്മ കൊണ്ടുവന്ന നിയമങ്ങളാണ്.

തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്നപ്പോൾ നഴ്സുമാരുടെയും മിഡ്‌വൈഫുമാരുടെയും തൊഴിൽപരമായ അവശതകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിൽ സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ട്. സ്വന്തം ജീവിതത്തെ നാടിന്റെ മോചനത്തിനുള്ള പോരാട്ടത്തിന്റെ വീരേതിഹാസമാക്കി മാറ്റിയ ധീരനായികയായിരുന്നു കെ. ആർ. ഗൗരിയമ്മ. പൊതു ജീവിതത്തിലും സ്വകാര്യ ജീവിതത്തിലും ത്യാഗവും അർപ്പണ മനോഭാവവും മനക്കരുത്തും ലാളിത്യവും കൊണ്ട് പകരം വയ്ക്കാനില്ലാത്ത അപൂർവ വ്യക്തിത്വമാണ് ഗൗരിയമ്മയുടേത്. ജീവിതം തന്നെ സമരമാക്കിയ ഗൗരിയമ്മയുടെ ആത്മകഥയായ ‘ആത്മകഥ’യ്ക്ക് 2011ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

2021 മേയ് 11 ന് 102-ാമത്തെ വയസിൽ അന്തരിച്ച കെ. ആർ. ഗൗരിയമ്മയ്ക്ക് 2021 മേയ് 31 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. മുൻമന്ത്രിയും പരേതനുമായ ടി. വി. തോമസായിരുന്നു ഭർത്താവ്.






# ജനപ്രതിനിധികളും ഇന്ത്യൻ പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയും

വി. ദിനകരൻ



ഇന്ത്യയിലെ 146.39 കോടി ജനസംഖ്യയിൽ 88 കോടി ജനങ്ങളെയും കേരളത്തിലെ 3.5 കോടി ജനസംഖ്യയിൽ 2.68 കോടി ജനങ്ങളെയും വോട്ടവകാശമുള്ള സമ്മതിദായകരായി രജിസ്റ്റർ ചെയ്തിട്ടുള്ളതായി കണക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണഘടനാപരമായി വോട്ടവകാശം മൗലികാവകാശം ആയിരിക്കെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയിൽ വോട്ടവകാശം മൗലികാവകാശം അല്ല എന്നും പറഞ്ഞിരിക്കുന്നു. എന്തായാലും ഭരണഘടന നിർമ്മിക്കാൻ നീതിപീഠങ്ങൾക്കു അവകാശമില്ലാത്ത സാഹചര്യത്തിൽ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന തരത്തിൽ വോട്ടവകാശം മൗലിക അവകാശം ആണെന്നു തന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു. എന്നാൽ ജനങ്ങളിൽ സമ്മതിദാന അവകാശം വിനിയോഗിക്കാനുള്ള താല്പര്യം കുറഞ്ഞു വരുന്നതായിട്ടാണ് കണ്ടുവരുന്നത്. ഏറ്റവും കൂടുതൽ സമ്മതിദാന അവകാശം വിനിയോഗിക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽപോലും പോളിംഗ് ശതമാനം കുറഞ്ഞു വരുന്നു. തിരഞ്ഞെടുപ്പ് നടത്തിപ്പിന്

കേന്ദ്ര സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ അടക്കം വിപുല മായ സംവിധാനങ്ങൾ ഒരുക്കി യിട്ടുപോലും തങ്ങളുടെ സമ്മതി ദാന അവകാശം വിനിയോഗി ക്കാൻ എല്ലാ ജനങ്ങളും എന്തു കൊണ്ട് താല്പര്യം പ്രകടിപ്പിക്കു ന്നില്ല എന്ന കാര്യം ഗൗരവപൂർവ്വം ബന്ധപ്പെട്ടവർ പരിശോധിക്കേണ്ടി യിരിക്കുന്നു. തിരഞ്ഞെടുപ്പുകളിൽ 'നോട്ട' (None of the Above) ഒരു പ്രധാന സ്ഥാനാർഥിയായി മാറുന്ന അവസ്ഥയും സംജാതമായി രിക്കുന്നു.

ഇന്ത്യയിലെ ജനങ്ങളിൽ 40 കോടിയോളം പേർ അതിദരിദ്രർ ആയിരിക്കെ ഇന്ത്യയിലെ സമ്പ ത്തിന്റെ 40% വും 1% വരുന്ന സമ്പന്നരിൽ കേന്ദ്രീകരിച്ചിരി ക്കുന്നു എന്ന യാഥാർഥ്യം പരി ശോധിക്കുമ്പോൾ ജനാധിപത്യ ഭരണസംവിധാനത്തിന്റെ പോരാ യ്മകൾ എത്രമാത്രം ഉണ്ടെന്നു വേണം ഓരോ പൗരനും മന സ്സിലാക്കാൻ. ജനാധിപത്യ ഭരണ സംവിധാനത്തേക്കാൾ രാജഭരണം ആയിരുന്നു നല്ലതെന്നു അഭിപ്രായ പ്പെടുന്നവരും ഉണ്ടെന്നുള്ള കാര്യം നാം വിസ്മരിക്കാൻ പാടില്ല. ഏകാ ധിപത്യ ഭരണത്തിൽ നിന്നും വ്യത്യസ്തമായി ഭരണഘടനാ പരമായ ജനാധിപത്യ ഭരണസംവി ധാനം, ജനങ്ങൾക്കുവേണ്ടി ജന ങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ ഉൾക്കൊള്ളുന്ന തായപ്പോൾ വളരെ പ്രതീക്ഷ ജനങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ ആ പ്രതീക്ഷയ്ക്ക് മങ്ങലേൽക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ജനപ്രതിനിധി കൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ജനങ്ങളുടെ ഭാവി ഭാസുരമാക്കാനുള്ള നിയമനിർമ്മാ ണങ്ങൾ നടത്തേണ്ട സഭകളുടെ പ്രവർത്തനം നിരാശാജനകം എന്നു പറയേണ്ടിയിരിക്കുന്നു.

പ്രക്ഷുബ്ധമായ അന്തരീക്ഷ ത്തിൽ ജനങ്ങൾക്കു പ്രയോജന പ്പെടേണ്ട നിയമങ്ങൾ യാതൊരു ഗൗരവചർച്ചകൾക്കും വിധേയമാ ക്കാതെ പാസ്സാക്കി എടുക്കപ്പെടു മ്പോൾ, നിയമനിർമ്മാണ സഭകളെ ക്കുറിച്ചും ജനപ്രതിനിധികളെക്കു റിച്ചും പൊതുജനങ്ങൾ തികച്ചും അടക്കിപ്പിടിച്ച പ്രതിഷേധം ഉള്ള വരാണെന്നുള്ള കാര്യം ഭരണ കൂടവും ജനപ്രതിനിധികളും മന സ്സിലാക്കാൻ തയ്യാറാകണം. ഉദ്യോഗസ്ഥർ തയ്യാറാക്കി കേന്ദ്ര സംസ്ഥാന മന്ത്രിസഭകളുടെ അംഗീകാരത്തോടെ കൊണ്ടു വരുന്ന നിയമങ്ങളെ സംബന്ധിച്ചും അതിന്റെ പോരായ്മകളെ സംബ ന്ധിച്ചും അതിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ഭരണ-പ്രതിപക്ഷ കക്ഷികളിലെ ജന പ്രതിനിധികൾക്ക് തങ്ങളുടെ അഭിപ്രായം പറയേണ്ട അവസരം ഇരുകൂട്ടരും ബോധപൂർവ്വം നഷ്ടപ്പെടുത്തുന്നതിന്റെ ഫലമായി, പാസ്സാക്കുന്ന നിയമങ്ങൾക്കു തന്നെ പ്രസക്തി ഇല്ലാതായി തീർന്നിരിക്കുന്നു. ഭരണഘടനാനു സരണം പാസ്സാക്കേണ്ട നിയമങ്ങൾ അതിനെ അതിലംഘിച്ച് നിമിഷ ങ്ങൾക്കകം പാസ്സാക്കുന്നത് നീതി പീഠങ്ങളുടെ ഇടപെടലോടെ നിഷ്പ്രഭമാകുന്ന അവസ്ഥയും നിലവിലുണ്ട്. നിയമനിർമ്മാണ സഭകൾ തീരുമാനമെടുത്താലും അതിനെ കോടതിയിൽ ചോദ്യം ചെയ്യാൻ ചിലവിഭാഗം തയ്യാറാകു ന്നതുമൂലം നിയമനിർമ്മാണ സഭ കളിൽ ജനങ്ങൾക്കുള്ള വിശ്വാസം ജനപ്രതിനിധികൾ നഷ്ടപ്പെടുത്തി കൊണ്ടിരിക്കുന്നു. ഇതുമൂലം ജുഡീഷ്യറിയും നിയമനിർമ്മാണ സഭകളും എക്സിക്യൂട്ടീവും സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു അന്തരീക്ഷം തന്നെ ഇല്ലാതാക്കുന്ന അവസ്ഥ ജനപ്രതിനിധികളാൽ സംജാതമാക്കപ്പെടുന്നു.

ജനപ്രതിനിധികളായി വരുന്നവർ ആശയഗാംഭീര്യമുള്ള വിഷയങ്ങൾ ഏറ്റെടുക്കുവാനും അതു പ്രകടിപ്പിക്കാനുള്ള കഴിവും ഉള്ളവർ തന്നെ ആയിരിക്കണം. കായികശക്തി ഉപയോഗിക്കുന്ന സാഹചര്യം പരിപാവനമായ നിയമനിർമ്മാണ സഭകളെ കളങ്ക പ്പെടുത്തും എന്ന കാര്യം ജന പ്രതിനിധികൾ വിസ്മരിക്കാൻ പാടില്ല. കലാപം ഉണ്ടാക്കാൻ ശ്രമിക്കുന്നവർ ആരായാലും അവരെ അംഗീകരിക്കാൻ ജനങ്ങൾ തയ്യാറാവുകയില്ല എന്ന തിരിച്ചറിവ് ഓരോ ജനപ്രതിനിധിക്കും ഉണ്ടാ കണം. അതുണ്ടായില്ല എങ്കിൽ അവരെ ജനങ്ങൾ കുറ്റവിചാരണ ചെയ്യുന്ന അവസ്ഥ ഉണ്ടാകും എന്ന വസ്തുതയും മറക്കരുത്. ആശയങ്ങൾ തമ്മിൽ ഏറ്റുമുട്ടുന്ന തിനു പകരം ആശയ ദാരിദ്ര്യ ത്തിന്റെ പേരിൽ കായികമായി ഏറ്റുമുട്ടുന്ന അവസ്ഥ ഗുണകര മാണോ എന്ന് നിയമങ്ങൾ കൊണ്ടുവരുന്ന ഭരണകക്ഷിയും അതിനെ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടുന്ന പ്രതിപക്ഷവും ഗൗരവമായി ആലോചിക്കേണ്ടി യിരിക്കുന്നു. ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ ഭരണകക്ഷിക്ക് ലഭിക്കുന്ന പദവിയും അധികാ രവും ദുർവിനിയോഗം ചെയ്യാ നുള്ള അവസരമാക്കി മാറ്റാതെ പ്രതിപക്ഷത്തിന്റെ വികാരം കൂടി കണക്കിലെടുത്ത് ഉത്തരവാദിത്വ ബോധത്തോടെ പ്രവർത്തിക്കാൻ ഭരണകക്ഷികൾ തയ്യാറാവുക തന്നെ വേണം.

ഭരണപക്ഷത്തിരിക്കുമ്പോൾ ഒരു നയവും ഭരണം നഷ്ടപ്പെട്ട് പ്രതിപക്ഷത്തു വന്നാൽ മറ്റൊരു നയവും സ്വീകരിക്കുന്ന ഇന്നത്തെ അവസ്ഥ പ്രതിപക്ഷ കക്ഷികൾ ഉപേക്ഷിക്കുകയും വേണം. ജനാധിപത്യ ഭരണ സംവിധാന ത്തിൽ മാറിമാറി അധികാരം കയ്യാളാനുള്ള അവസരം ഉണ്ടെ ന്നുള്ള യാഥാർഥ്യം മനസ്സിലാക്കി പ്രവർത്തിക്കാൻ പ്രതിപക്ഷ കക്ഷി കളും തയ്യാറാകണം. അല്ലാതെ ഏതിനെയും എന്തിനെയും കണ്ണടച്ചു എതിർക്കുന്ന സമീപനം പ്രതിപക്ഷ കക്ഷികളിൽ നിന്നും ഉണ്ടാകാൻ പാടില്ല. അന്ധമായ രാഷ്ട്രീയത്തിന്റെ പേരിലും വ്യക്തി താൽപര്യത്തിന്റെ പേരിലും നിയമ നിർമ്മാണ സഭകളെ സംഘർഷ പൂരിതമാക്കുന്ന സമീപനം ഒരു കാരണവശാലും പ്രതിപക്ഷ കക്ഷികൾ സ്വീകരിക്കാൻ പാടില്ല. അതുകൊണ്ട് ഭരണകക്ഷി കൊണ്ടുവരുന്ന നിയമങ്ങൾ അതേപടി അംഗീകരിക്കണം എന്നില്ല. നല്ല ഗൃഹപാഠം ചെയ്തു തങ്ങളുടെ ആശയങ്ങൾ അവിടെ അവതരിപ്പിച്ച് ഒരു തിരുത്തൽ ശക്തി എന്ന നിലയിൽ പ്രവർത്തി ക്കാൻ പ്രതിപക്ഷ കക്ഷികൾ കടപ്പെട്ടവരാണെന്നുള്ള സത്യം വിസ്മരിക്കാൻ പാടില്ല.

എല്ലാകാലത്തും ഔന്നത്യ ങ്ങളിൽ വിരാജിക്കുവാൻ ജന പ്രതിനിധികൾക്ക് കഴിയില്ല. ജന പ്രതിനിധികൾ അവർ ഭരണപ്രതി പക്ഷ രംഗത്തുള്ളവർ ആയാലും ജനവികാരം മാനിച്ചില്ല എങ്കിൽ അവരെ തിരസ്ക്കരിക്കാൻ ജനാ

ധിപത്യത്തിലെ വജ്രായുധമായ ബാലറ്റ് പേപ്പർ പ്രയോഗിക്കാൻ അർഹതയുള്ളവരാണ് പൊതുജനം എന്ന തിരിച്ചറിവും ഓരോ ജനപ്രതിനിധിക്കും ഉണ്ടായിരിക്കണം. രാഷ്ട്രീയ പാർട്ടികളുടെ നോമിനികളായി തിരഞ്ഞെടുപ്പുകളിൽ വിജയിക്കുന്നവരുടെ കാര്യത്തിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും അവരുടേതായ പങ്കുവഹിക്കാനുള്ള ഉത്തരവാദിത്വം ഉണ്ടെന്നുള്ള കാര്യം അവരും വിസ്മരിക്കരുത്. ക്രിമിനൽ പശ്ചാത്തലമോ ക്രിമിനൽ സ്വഭാവമോ ഉള്ളവർ ജനപ്രതിനിധികളായി തിരഞ്ഞെടുക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തയ്യാറാകണം. അതോടൊപ്പം തന്നെ അവരെ തിരസ്ക്കരിക്കാൻ ജനങ്ങളും തയ്യാറാകണം. ജനപ്രതിനിധി ആകാൻ സർവ്വഥാ യോഗ്യതയുള്ളവരെ മാത്രമേ തിരഞ്ഞെടുപ്പുകളിൽ മത്സരിപ്പിക്കുവാൻ രാഷ്ട്രീയ പാർട്ടികൾ തയ്യാറാകാൻ പാടുള്ളൂ.

രാഷ്ട്രീയ പ്രസ്ഥാനങ്ങളും അവരുടെ ഉത്തരവാദിത്വം ജനാധിപത്യപരമായി പ്രയോഗിച്ചില്ല എങ്കിൽ പൊതുയിടങ്ങളിൽ ജനങ്ങളുടെ പ്രതിഷേധം ഉണ്ടാകും എന്നുള്ള തിരിച്ചറിവ് രാഷ്ട്രീയ പാർട്ടികൾക്കും വേണം. ഏല്ലാറ്റിനെയും എതിർക്കുന്ന സമീപനം അവസാനിപ്പിച്ച് ദീർഘവീക്ഷണത്തോടെ പ്രവർത്തിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃത്വങ്ങൾ തയ്യാറാകണം. ജനാധിപത്യത്തിൽ ആരെയും വിമർശിക്കാനുള്ള അവകാശമുണ്ട്. എന്നാൽ അത്തരം വിമർശനങ്ങൾ ആശയങ്ങളുടെയും നയങ്ങളുടെയും അടിസ്ഥാനത്തിലുള്ളതായിരിക്കണം. അല്ലാതെ ആശയദാരിദ്ര്യത്തിന്റെ പേരിലും വ്യക്തിതാൽപര്യത്തിന്റെ പേരിലും ആകാൻ പാടില്ല. ഉപയോഗിക്കുന്ന ഭാഷ ആയാലും സ്വീകരിക്കുന്ന സമീപനം ആയാലും മാന്യതയുള്ളതായിരിക്കാൻ രാഷ്ട്രീയ നേതൃത്വങ്ങളും ജനപ്രതിനിധികളും തയ്യാറാകണം. വിമർശനങ്ങൾ ആശയപരമാവുമ്പോൾ അത്തരം വിമർശനങ്ങളെ അതേ രീതിയിൽ തന്നെ കാണാനുള്ള മനോഭാവം എല്ലാവർക്കും ഉണ്ടാവുകയും വേണം. അങ്ങനെ വന്നാൽ ഭരണഘടനാധിഷ്ഠിതമായ ജനാധിപത്യത്തിലുടെ തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികൾക്കു മാന്യത നൽകാൻ അവരെ എല്ലാമെല്ലാമാക്കുന്ന ജനങ്ങൾ ഉണ്ടാകും എന്ന കാഴ്ചപ്പാട് എല്ലാവർക്കുമുണ്ടാവണം. സമൂഹത്തിലും അണികൾക്കിടയിലും ക്രിമിനൽ സ്വഭാവം വളർത്തിയെടുക്കാൻ ഒരു രാഷ്ട്രീയ പ്രസ്ഥാനവും തയ്യാറാകരുത്. ഭരണ-പ്രതിപക്ഷ കക്ഷികൾ സത്യസന്ധമായി പരസ്പര വിശ്വാസത്തോടെയും സഹകരണത്തോടെയും ഇത്തരം കാര്യങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാവുകയും വേണം. മൂല്യബോധവും സത്യസന്ധതയും ആശയഗാംഭീര്യവുമുള്ള ജനപ്രതിനിധികൾക്കാണ് സമൂഹത്തിന്റെ പുരോഗതിയ്ക്കും സമാധാനത്തിനും വഴിയൊരുക്കാൻ കഴിയുകയെന്ന യാഥാർഥ്യം മനസ്സിലാക്കി പ്രവർത്തിക്കാൻ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ജനപ്രതിനിധികളും ജനങ്ങളും തയ്യാറാകണം.

ജനപ്രതിനിധികൾ സ്വയം മൂല്യശോഷണം വരുത്താതെ എന്നും മൂല്യമുള്ളവരായി പ്രവർത്തിക്കാൻ തയ്യാറായാൽ ജനാധിപത്യത്തിന് ഒരു മുതൽക്കൂട്ടായിരിക്കും. ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയ്ക്ക് ഭീമമായ തുക ചെലവഴിക്കുന്ന അവസ്ഥ ഉണ്ടാകാതിരിക്കാൻ രാഷ്ട്രീയപ്രസ്ഥാനങ്ങളും സ്ഥാനാർഥികളും തയ്യാറാവുകയും വേണം. ഭീമമായ തുക തിരഞ്ഞെടുപ്പുകൾക്കു വിനിയോഗിക്കപ്പെടുമ്പോൾ, മൂല്യമില്ലാത്ത ജനപ്രതിനിധികൾ സൃഷ്ടിക്കപ്പെടുകയും അത് അഴിമതിക്കും സ്വജനപക്ഷപാതത്തിനും കാരണമാകുന്നതോടൊപ്പം, സമ്പന്നവർഗ്ഗത്തിന്റെ സ്വാധീനം വർദ്ധിപ്പിക്കുകയും ചെയ്യും. തിരഞ്ഞെടുപ്പ് ചെലവുകൾ നിയന്ത്രിക്കാൻ എല്ലാവരും തയ്യാറാവുകയാണെങ്കിൽ മൂല്യമുള്ള, സ്വഭാവശുദ്ധിയുള്ള, ക്രിമിനൽ സ്വഭാവമില്ലാത്ത, അഴിമതിയില്ലാത്ത ജനപ്രതിനിധികളെ തിരഞ്ഞെടുക്കാൻ സാധിക്കും. അങ്ങനെയുള്ള ജനപ്രതിനിധികൾ ഉൾക്കൊള്ളുന്ന ഭരണകക്ഷികളും പ്രതിപക്ഷ കക്ഷികളും ജനാധിപത്യത്തിന് ഒരു മുതൽക്കൂട്ടുതന്നെ ആയിരിക്കും. അപ്രകാരമുള്ള നിയമനിർമ്മാണ സഭകളും മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആയി മാറാൻ എല്ലാവരും ആത്മാർഥമായി പരിശ്രമിക്കുക തന്നെ വേണം



# നിയമസഭാ ലൈബ്രേറിയിലെ പുതിയ പുസ്തകങ്ങളിലൂടെ




**സുനിതാ വില്യംസിന്റെ ബഹിരാകാശ യാത്രകൾ**
**വി. പി. ബാലഗംഗാധരൻ**

പ്രിയത ബുക്സ്:
കോഴിക്കോട്, 2025.

B9wSUN 32R5
(ബഹിരാകാശ യാത്ര വിവരിക്കുന്ന ജീവചരിത്ര പുസ്തകം)




**മുല്ലപ്പെരിയാർ : ചരിത്രവഴിയിലൂടെ ഒരു യാത്ര ഒന്നാം  ാഗം**
**കെ. എ. അബ്ദുൾ റസാഖ്**

കോനാട്ട് പബ്ലിക്കേഷൻസ്:
അടിമാലി, 2025.

D8518MUL 32R5
(മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് 1789 മുതൽ 2011 വരെയുള്ള വിവരങ്ങൾ)




**തടവറക്കാലം : ഒരു UAPA തടവുകാരന്റെ നിയമപോരാട്ടത്തിന്റെ 17 വർഷങ്ങൾ**

**റാസിക് റഹീം**

പ്രിയത ബുക്സ്:
കോഴിക്കോട്, 2025.

Y16:4:62wRAS 32R5
(പാനായിക്കുളം സിമി കേസിൽ കുറ്റവിമുക്തനാക്കപ്പെട്ട എഴുത്തുകാരന്റെ ജയിൽ അനു  വങ്ങൾ)




**മീനാക്ഷി**
**ചാത്തുനായർ ചെറുവലത്ത്**

ഇന്ത്യാബുക്ക് സ്റ്റോർ:
കോഴിക്കോട്, 2025.

O32,3CHA,M R5
(135 വർഷം പൂർത്തിയാക്കിയ നോവൽ)




**പൗരൻ : The Citizen**
**അഡ്വ. പി. എ. പൗരൻ**

ഗൂസ്ബെറി ബുക്സ് &പബ്ലിക്കേഷൻസ്:
തൃശ്ശൂർ, 2025.

Z,8,53wPOU 32R5
(മനുഷ്യാവകാശ–പൗരാവകാശ പ്രവർത്തകനായ പി. എ. പൗരന്റെ ആത്മകഥ)




**തെരഞ്ഞെടുത്ത ലേഖനങ്ങൾ വാല്യം. 1 – 7**
**ഡോ. എം. ലീലാവതി**

ഹരിതം ബുക്സ് :
കോഴിക്കോട്, 2025

O32,6LEE R5.1-R5.7
(ലേഖനസമാഹാരങ്ങളുടെ ഏഴ് വാല്യങ്ങൾ)

# നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ




**വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും മാപ്പിളലഹളയും (2 – ാം പതിപ്പ് )**

**കെ. പി. ബാലചന്ദ്രൻ**

എച്ച് & സി. പബ്ലിഷിംഗ് ഹൗസ്: തൃശ്ശൂർ, 2022.

V2153:194 32R2

(മാപ്പിളലഹളയുടെ ചരിത്രം)




**Sree Narayana Smrithi**

Sree Narayana Gurudev

Sivagiri Sree Narayana Press: Varkala, 2025.

Y:1:7wNAR 32R5

(Translation of “Sree Narayana Dharmam”)




**സ്വതന്ത്രയായിരുന്നവൾ ബന്ധിതയായി**

**മൈന ഉമൈബാൻ**

ഐ ബുക്ക്സ് കേരള: കോഴിക്കോട്, 2025.

Y15:g 32R5

(സ്ത്രീജീവിത പഠനം )




**Solid Waste Management : Challenges and Solutions**

Dr. S Sreekumar & Dr. Thomas Cherian, Ed.

University College Zoology Alumni Associations: Trivandrum ,2025.

G:55(D886) R5

(A comprehensive compilation of seminar presentations)




**A Blooming Flower in RED LAND**

K. Prabhakaran

Indian Society of Authors: Ernakulam, 2023

O32wPRA R3

(Autobiography)




**Malabar, Mysore and A Tale of Two Sultans**

Pushpa Kurup

Blue One Ink Pvt.Ltd: Uttar Pradesh, 2025.

V215 R5

(The influence of Haider Ali and Tipu Sultan on Malabar s history and society)

**ARIVORAM**
BIMONTHLY I **OCTOBER 2026** I PRICE ₹ 50/-



കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C Baby, Secretary-in-charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development B Section.
Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor: Speaker, Kerala Legislative Assembly